# ക്രൈസ്തവ വനിത

**September - October 2022**



A fundamental Christian bi-monthly publication of the women, by the women, for the family

2022
September - October

Volume XV
Issue 5

# ക്രൈസ്തവ വനിത



## താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| വിശ്വാസിയും പ്രാർത്ഥനാ ജീവിതവും | മേരി അഞ്ചൻ | 1 |
| കൊടുങ്കാറ്റിന്റെ നടുവിൽ ... | ജോയമ്മ സാംസൺ | 3 |
| കുടുംബം ദൈവാലയമാക്കി മാറ്റുക | എൽസി ബേബി | 5 |
| യെരുശലേംപുത്രിമാരേ | തങ്കമ്മ സാം | 8 |
| ഇതാ സഹോദരന്മാർ | ജെസി ബെൻസെൻ | 11 |
| പ്രശ്നസാദ്ധ്യതാ മേഖലകൾ | ഡോ. ഉമ്മൻ ഫിലിപ്പ് | 12 |
| കൊള്ളയടിക്കപ്പെട്ടവരുടെ ചേതോവികാരം | ഡോ. കുഞ്ഞുമോൻ ചാക്കോ | 16 |
| മഹാമാരിക്ക് പരിഹാരമുണ്ട് | തോമസ്സ് മത്തായി | 19 |
| Trusting God in the Valley | Dr. Jane Anchan | 23 |
| Quest 85 | | Cover iii |


**Cover photo by Anil Kumar, Vattappara**

ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

Editorial Board
Founder Editor
**Annamma Charles John**
Chief Editor
**Mrs. Mary Anchan**
Associate Editor
**Mrs. Sherine Kingston**
Sub Editor
**Mrs. Sobha Selin**

Telephone: 0471-2448079
E-mail: shanthisadan@gmail.com
Mob: 9087144349



# വിശ്വാസിയും പ്രാർത്ഥനാ ജീവിതവും

മനുഷ്യജീവന് ശ്വാസോച്ഛ്വാസം എത്രമാത്രം അത്യന്താപേക്ഷിതമാണോ അതുപോലെ തന്നെ ആത്മീയ ജീവിതത്തിന് പ്രാർത്ഥന അനിവാര്യമാണ്. പ്രാർത്ഥനയെക്കുറിച്ച് നാം വളരെ കേൾക്കുകയും വായിക്കുകയും ചെയ്യാറുണ്ടെങ്കിലും നമ്മുടെ ജീവിതത്തിൽ പലപ്പോഴും പ്രാർത്ഥനയ്ക്ക് വേണ്ടുന്ന പ്രാധാന്യം ഇല്ലാതെ പോകുന്നു. നമ്മുടെ കർത്താവിന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്കു വളരെ പ്രാധാന്യമുണ്ടായിരുന്നു. പലപ്പോഴും വിജന പ്രദേശങ്ങളിലും, മലമുകളിലും, രാത്രി മുഴുവൻ പ്രാർത്ഥിച്ചതായി കാണാം. കൂടാതെ, തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുന്നതിന് പഠിപ്പിച്ചതായി തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നു. ദിനംതോറും പ്രാർത്ഥന തന്റെ ജീവിതത്തിലെ അവിഭാജ്യഘടകമായിരുന്നു. നമ്മുടെ കർത്താവു തന്നെ പ്രാർത്ഥനയ്ക്ക് മാതൃക നമുക്ക് കാണിച്ചു തന്നിരിക്കുന്നു. വിജയപ്രദമായ പ്രാർത്ഥനയ്ക്ക് വിശ്വാസം അത്യന്താപേക്ഷിതമാണ്.

തിരുവചനത്തിൽ പല പ്രാർത്ഥനാ യോഗങ്ങളെക്കുറിച്ച് നാം വായിക്കുന്നു. അപ്പൊ. പ്രവൃ. അദ്ധ്യായം 12-ൽ ഹേരോദാ രാജാവ് യോഹന്നാന്റെ സഹോദരൻ യാക്കോബിനെ ശിരച്ഛേദം ചെയ്യുകയും പത്രൊസിനെ തടവിലാക്കുകയും ചെയ്തതായി വായിക്കുന്നു. പെസഹയ്ക്കു ശേഷം അവനെയും വധിക്കുവാൻ ഭാവിച്ച്, അവനെ രണ്ടു ചങ്ങലയാൽ ബന്ധിച്ച്, നന്നാലു ചേവകർ ഉള്ള നാലുകൂട്ടത്തെ കാവലാക്കി, അപ്പുറത്തും ഇപ്പുറത്തും രണ്ടു പടയാളികളെയും നിയമിച്ചു ശിരച്ഛേദം ഏതു നിമിഷവും സംഭവിക്കാമായിരുന്നു. എങ്കിലും, പത്രൊസ് ഗാഢനിദ്രയിലായിരുന്നു എന്ന് കാണുന്നു. തന്റെ വിടുതലിനായി ബർന്നബാസിന്റെ മച്ചുനൻ യോഹന്നാൻ മർക്കൊസിന്റെ അമ്മ മറിയയുടെ ഭവനത്തിൽ വിശ്വാസികൾ ഒരുമിച്ച് ചേർന്ന് പ്രാർത്ഥിക്കുന്നുണ്ട് എന്നും തനിക്കു വിടുതൽ ലഭിക്കുമെന്നും പത്രൊസ് വിശ്വസിച്ചിരുന്നു. രാത്രിയിൽ കർത്താവു തന്റെ ദൂതനെ അയച്ച് അവന്റെ ബന്ധനങ്ങളിൽ നിന്നും വിടുതൽ നല്കി. ചങ്ങലകൾ താനേ വീഴുകയും, ജയിലിന്റെ ഭീമമായ ഇരുമ്പുകവാടം തുറക്കപ്പെടുകയും ചെയ്തു. ദൂതൻ പുറത്ത് തെരുവിലോളം പത്രൊസിനെ നയിച്ചു. അനന്തരം അപ്രത്യക്ഷനായി. സ്വതന്ത്രനായ പത്രൊസ് നേരെ മറിയയുടെ ഭവനത്തിലേക്കാണ് പോയത്.

മറിയയുടെ ഭവനത്തിൽ സഭ ഒരുമിച്ചു കൂടി അതീവ ശ്രദ്ധയോട്, പത്രൊസിന്റെ വിടുതലിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. വാതിലിൽ മുട്ടിയപ്പോൾ രോദാ എന്ന ഭൃത്യ വാതില്ക്കലെത്തി പത്രൊസിന്റെ ശബ്ദം തിരിച്ചറിഞ്ഞു. വാതിൽ തുറക്കാതെ തന്നെ അതീവ സന്തോഷത്തോടെ ഓടി പ്രാർത്ഥിച്ചു കൊണ്ടിരുന്ന വിശ്വാസികളോട് പത്രൊസ് വാതില്ക്കൽ നില്ക്കുന്നു എന്ന വിവരം അറിയിച്ചു. അവരാകട്ടെ അതു വിശ്വസിച്ചില്ല.

അവർ വിശ്വസിച്ചില്ലെന്നു മാത്രമല്ല, രോദായ്ക്ക് ചിത്തഭ്രമമാണെന്നു പറഞ്ഞു. എങ്കിലും അവർ വിശ്വസിക്കാൻ തുനിഞ്ഞില്ല. പത്രൊസോ വാതിലിൽ മുട്ടിക്കൊണ്ടിരുന്നു. അവനെ കണ്ടപ്പോൾ അവർ അത്ഭുതപ്പെട്ടു. 'പലപ്പോഴും നാം പ്രാർത്ഥിക്കുമ്പോൾ ദൈവം അത്ഭുതകരമാം വിധം മറുപടി നല്കിയാലും നാം വിശ്വസിക്കാതെ പോകുന്നു എന്നത് ആശ്ചര്യം തന്നെ.

ഒരു സ്ത്രീയുടെ വീടിനും കിണറിനും മധ്യേ ഒരു വലിയ പാറയുണ്ടായിരുന്നതിനാൽ അത് ചുറ്റിക്കറങ്ങിയാണ് വെള്ളം കോരുവാൻ പൊയ്ക്കൊണ്ടിരുന്നത്. ആ പാറ അവിടെ നിന്ന് മാറ്റിക്കിട്ടിയിരുന്നെങ്കിൽ! എന്ന് ആ സ്ത്രീ പലതവണ ആഗ്രഹിച്ചു. ഒരുനാൾ യേശു, "സംശയിക്കാതെ വിശ്വസിച്ചു

കൊണ്ട് മലയോട് നീങ്ങി കടലിൽ പോക എന്നു പ്രാർത്ഥിച്ചാൽ അതു സംഭവിക്കും എന്ന് ശിഷ്യന്മാരോട് പറഞ്ഞ വാക്കുകൾ ഓർത്തു (മർക്കൊ. 11:23-24). പ്രാർത്ഥന ആരംഭിച്ചു. ഇടയ്ക്കിടെ കണ്ണുകൾ തുറന്നു നോക്കിയപ്പോൾ പാറ അവിടെത്തന്നെ ഉണ്ടായിരുന്നു. അപ്പോൾ അവർ ഇപ്രകാരം പറഞ്ഞു: "എനിക്കു നേരത്തേ തന്നെ അറിയാമായിരുന്നു ആ പാറ അവിടെ നിന്നും മാറുകയില്ല എന്ന്". ഇതുപോലെയുള്ള പ്രാർത്ഥനകളും ഇല്ലാതില്ല.

നമ്മുടെ ജീവിതത്തിലും ചിലപ്പോൾ മുട്ടിപ്പായ പ്രാർത്ഥനയ്ക്ക് അത്ഭുതകരമായ മറുപടി ലഭിക്കുമ്പോൾ "അവിശ്വസനീയം" (Unbelievable) എന്നു പറയാറുണ്ട്. വിശ്വാസത്തോടുകൂടിയ ശ്രദ്ധയേറിയ പ്രാർത്ഥനകൾക്ക് ദൈവം നിശ്ചയമായും മറുപടി നല്കും. എപ്പോഴും നാം പ്രതീക്ഷിക്കുന്ന വിധം ആയിരിക്കയില്ല. ചിലപ്പോൾ പ്രാർത്ഥിക്കുമ്പോൾ തന്നെ മറുപടി ലഭിക്കും. ക്രൂശിലെ കള്ളന്റെ പ്രാർത്ഥനയ്ക്ക് ഉടനടി മറുപടി ലഭിച്ചു. "ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും എന്ന് കർത്താവ് ഉറപ്പു നല്കി. ചിലപ്പോൾ താമസം നേരിട്ടും മറ്റു ചിലപ്പോൾ ദൈവത്തിന്റെ മൗനമായിരിക്കും മറുപടി. എന്തായാലും നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിക്കുന്നതായിരിക്കും ദൈവേഷ്ടം.

നമ്മുടെ പ്രാർത്ഥനാജീവിതം എങ്ങനെയുണ്ട്? മറ്റെല്ലാ കാലത്തേക്കാളും ഇന്ന് വിശ്വാസികൾ ഉണർന്ന് പ്രാർത്ഥിപ്പാനുള്ള ഒരു കാലത്താണ് നാം ജീവിക്കുന്നത്. പൌലൊസ് അപ്പൊസ്തലൻ ഒരു പ്രാർത്ഥനാമനുഷ്യൻ ആയിരുന്നു. സുവിശേഷം നിമിത്തം ഇരുമ്പുചങ്ങലകളാൽ ബന്ധിക്കപ്പെട്ട് ജയിലിനുള്ളിൽ കിടന്നപ്പോഴും മരണത്തെ മുഖാമുഖമായി ദർശിച്ചപ്പോഴും സഭകൾക്കുവേണ്ടി ഇടവിടാതെ പ്രാർത്ഥിച്ചു പോന്നു. "പ്രാർത്ഥനയിൽ നിങ്ങൾക്ക് വേണ്ടി എപ്പോഴും പോരാടുന്നു" എന്ന് കൊലൊസ്സ്യ സഭയ്ക്ക് എഴുതിയിരിക്കുന്നു. പ്രാർത്ഥന വെറും ഒരു 'ജൽപനം' അല്ല, അത് ഒരു പോരാട്ടമാണ്. വിശ്വാസം അത്യാവശ്യം" യുദ്ധത്തിനു പോകുന്നവന്റെ ഓഹരിയും, സാമാനങ്ങൾക്കരികെ താമസിക്കുന്നവന്റെ ഓഹരിയും ഒരു പോലെ ആയിരിക്കണം" (1 ശമു. 30:24) ക്രിസ്തീയ ജീവിതത്തെ ഒരു യുദ്ധത്തോട് ഉപമിച്ചുകൊണ്ട് പൌലൊസ്, തിമൊഥെയോസിന് "ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടു കൂടെ കഷ്ടം സഹിക്കുക" (2 തിമൊ. 2:3) എന്നെഴുതിയിരിക്കുന്നു. യുദ്ധസേവ ചെയ്യുന്നവരുടെ വിജയത്തിന് പ്രാർത്ഥനയുടെ പിൻബലം അത്യന്താപേക്ഷിതമാണ്.

അന്യോന്യം പ്രാർത്ഥനയിൽ വഹിക്കുക എന്നത് ക്രിസ്തുമാർഗ്ഗത്തിന്റെ (Christianity) പ്രത്യേകതയാണ്. നമുക്ക് ഒരിക്കലും പരിചയമില്ലാത്ത വിശ്വാസികൾക്ക് വിശേഷിച്ച് സുവിശേഷ വേലക്കാർക്കും വേലകൾക്കും പ്രാർത്ഥിപ്പാനുള്ള ദൗത്യം കർത്താവു നമ്മെ ഏല്പിച്ചിരിക്കുന്നതുപോലെ മറ്റുള്ളവരും നമുക്കായി പ്രാർത്ഥിക്കുന്നു എന്നത് എത്രയോ മഹത്തായ കാര്യമാണ്!

ആദിമ നൂറ്റാണ്ടുകളിലെ മതപീഡയ്ക്കു സമാനമായ പീഡകളിൽ കൂടെ സഭ കടന്നു പോകുന്ന ഈ കാലത്ത് വിശ്വാസികളായ നാം വിശ്വസ്തതയോടെ പ്രാർത്ഥിപ്പാൻ കർത്താവു നമുക്കു കൃപ നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

''നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. (യാക്കോബ് 5:16). "ഞാനോ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോട് പാപം ചെയ്‌വാൻ ഇട വരരുതേ" എന്ന് (1 ശമൂ. 12:23) ശമുവേൽ പ്രവാചകനെ പോലെ തീരുമാനിക്കാൻ കർത്താവു നമുക്കു കൃപ ചെയ്യട്ടെ.

**മേരി അഞ്ചൻ, തുംകൂർ**
*ചീഫ് എഡിറ്റർ*

**"എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവു അവനെ എഴുന്നേല്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും" (യാക്കോബ് 5:15).**

# കൊടുങ്കാറ്റിന്റെ നടുവിൽ മധുര ഗാനം ആലപിക്കുന്ന പക്ഷികൾ



ജോയമ്മ സാംസൺ, കൊല്ലം

**ആ**റു ദിവസം കൊണ്ട് ദൈവം തന്റെ സൃഷ്ടികർമ്മം പൂർത്തിയാക്കി. അഞ്ചാം ദിവസത്തെ സൃഷ്ടിയാണ് പക്ഷികൾ -ദൈവം അനുഗ്രഹിച്ച സൃഷ്ടി. തിരുവചനം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ദൈവം അതതു തരം പറവജാതിയെയും സൃഷ്ടിച്ചു. നല്ലതു എന്നു ദൈവം കണ്ടു. പറവജാതി ഭൂമിയിൽ പെരുകട്ടെ എന്നു ദൈവം അവയെ അനുഗ്രഹിച്ചു. കർത്താവായ യേശുക്രിസ്തുവും അവയെപ്പറ്റി പറയുന്നു. "ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതെയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടി വെക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു" (മത്താ. 6:26). കോരഹ്പുത്രന്മാരും അവയെപ്പറ്റി പാടുന്നു: "കുരികിൽ ഒരു വീടും, മീവൽപ്പക്ഷി കുഞ്ഞുങ്ങൾക്കു ഒരു കൂടും കണ്ടെത്തിയിരിക്കുന്നു; എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ യഹോവേ, നിന്റെ യാഗപീഠങ്ങളെ തന്നേ" (സങ്കീ. 84:3). തന്റെ സൃഷ്ടിതാവിനെ ആശ്രയിച്ചു ജീവിക്കുന്ന പക്ഷികൾ, എത്ര സംതൃപ്തമായ ജീവിതം.

ചെറിയ പക്ഷിക്കു ദൈവത്തിലുള്ള വിശ്വാസത്തെ തെളിയിക്കുന്ന ഒരു കഥ ഓർമ്മയിൽ വരുന്നു അത് ഇപ്രകാരമാണ്.

വലിയ കൊടുങ്കാറ്റുള്ള ഒരു ദിവസം. കാറ്റ് ഭീതിജനകമായി ചുറ്റിയടിക്കാൻ തുടങ്ങി. ജീവജാലങ്ങൾ മിക്കവയും തങ്ങളുടെ മാളങ്ങളിൽ ഒളിച്ചു. സകല മനുഷ്യരും പരിഭ്രാന്തരായിത്തീർന്നു. ചന്തസ്ഥലങ്ങളിൽ നിന്നവർ തങ്ങളുടെ സാധനങ്ങൾ പോലും ഉപേക്ഷിച്ച് സ്വന്തഭവനങ്ങളിലേക്കു ഓടി. വഴിയിലായിരുന്നവർ ത്വരിതഗമനം ചെയ്തു. ചെറിയ ഭവനങ്ങളുടെ മേൽക്കൂരകൾ പലതും പറന്നുപോയി. വൻമരങ്ങൾ കടപുഴകി വീണു. എവിടെയും പരിഭ്രാന്തി നിഴലിട്ടു. ഇതേസമയം രണ്ടു പക്ഷികൾ കൊടുങ്കാറ്റിൽ ആടിയുലയുന്ന ഒരു മരച്ചില്ലയിൽ ഇരുന്നു മധുരമായി പാടുന്നു. തങ്ങളുടെ ചുറ്റും നടക്കുന്ന പ്രതിഭാസങ്ങൾ ഒന്നിലും അവ ശ്രദ്ധിക്കുന്നതേ ഇല്ല. ജനങ്ങളുടെ ഈ ഉത്തിരാടപ്പാച്ചിൽ കണ്ടിട്ട് ഒരു പക്ഷി മറ്റേ പക്ഷിയോടു ചോദിച്ചു – കൂട്ടുകാരാ, ഈ മനുഷ്യർക്കു ദൈവത്തിൽ വിശ്വാസമില്ലേ? എന്തിനാണിവർ പരിഭ്രാന്തരായി ഓടുന്നത്? അപരൻ പറഞ്ഞു: അതേ, അവർ നമ്മെപ്പോലെ ദൈവത്തിൽ ആശ്രയിക്കുന്നില്ല. തങ്ങളെ സൃഷ്ടിച്ച ദൈവം അവരെ പുലർത്തും, പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ശക്തി തരും എന്നു നമ്മെപ്പോലുള്ള ഉറച്ച വിശ്വാസവുമില്ല. അതുകൊണ്ടാണവർ പരിഭ്രാന്തരാകുന്നത്.

നമ്മുടെ ചുറ്റും നടക്കുന്ന പല സംഭവങ്ങളും ഭീതിജനകങ്ങളാണ്. എന്നിരുന്നാലും ദൈവമക്കളായ നാം അവയൊന്നും കണ്ടു ഭയപ്പെടേണ്ടതില്ല. ഈ നിസ്സാരരായ പക്ഷികളെപ്പോലെ നാം ദൈവത്തിൽ ആശ്രയം വെക്കുക. ദൈവം നമ്മെ സംരക്ഷിച്ചുകൊള്ളും. ഇന്ന് ലോകമെമ്പാടുമുള്ള മനുഷ്യജാതിയെ മുഴുവൻ പരിഭ്രാന്തരാക്കുന്ന വൈറസും ദൈവം അനുവദിച്ചതാണ്. ഈ സമയത്തും നാം ചെയ്യേണ്ടത് ദൈവത്തിൽ കൂടുതൽ ആശ്രയം വെച്ചു ജീവിക്കുക എന്നുള്ളതാണ്. കൊടുങ്കാറ്റിന്റെ നടുവിലും മധുരഗാനം ആലപിക്കുന്ന പക്ഷികളെപ്പോലെ പ്രതികൂലതകളുടെ നടുവിലും പത

റാതെ വിശ്വാസജീവിതം നയിച്ച അനേകരെ നമുക്കു തിരുവചനത്തിൽ കാണാൻ സാധിക്കും. അബ്രഹാം, യോസേഫ്, മോശെ, കാലേബ്, ദാനിയേൽ തുടങ്ങിയ വിശ്വാസവീരന്മാരും ദൈവനാമമഹത്ത്വത്തിനായി എരിവോടെ നിന്ന പ്രവാചകന്മാരും ഇത്തരുണത്തിൽ സ്മരണീയരത്രേ.

സഭയുടെ ആരംഭകാലത്ത് വിശ്വാസത്തിന്റെ ബലിപീഠത്തിൽ ജീവിതം അർപ്പിച്ച അനേകം വിശുദ്ധന്മാരെ നമുക്കു കാണാൻ സാധിക്കും. കർത്താവിന്റെ ശിഷ്യന്മാരായ അപ്പൊസ്തലന്മാർ മിക്കവരും രക്തസാക്ഷികളായി ജീവൻ ബലിയർപ്പിച്ചവരാണ്. അവരുടെ അന്ത്യത്തെക്കുറിച്ചു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പൊസ്തലന്മാരിൽ ആദ്യത്തെ രക്തസാക്ഷി യാക്കോബ് ആണ്. ഹെരോദാരാജാവ് യാക്കോബിനെ വാൾ കൊണ്ടു വെട്ടിക്കൊല്ലുകയായിരുന്നു. പത്രൊസിനെ കാരാഗൃഹത്തിൽ അടച്ചു. കർത്താവു തന്റെ ദൂതനെ അയച്ചു പത്രൊസിനെ അവിടെ നിന്നു വിടുവിച്ചു. സഭയുടെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന അതിന്നു ഉപോൽബലകമായിരുന്നു.

പീഡനമേല്ക്കുന്തോറും സഭ നാൾക്കുനാൾ ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. മേൽക്കുമേൽ അനവധി പുരുഷന്മാരും സ്ത്രീകളും കർത്താവിൽ വിശ്വസിച്ചു. അസൂയപൂണ്ട യഹൂദപ്രമാണിമാരും മഹാപുരോഹിതന്മാരും സദൂക്യരും അപ്പൊസ്തലന്മാരെ പിടിച്ച് പലപ്പോഴും തടവിലാക്കി. രാത്രിയിലോ കർത്താവിന്റെ ദൂതൻ കാരാഗൃഹവാതിൽ തുറന്നു അവരെ പുറത്തു കൊണ്ടുവന്നു. പിന്നെ അവർ ദിനമ്പ്രതി ദൈവാലയത്തിലും വീടുതോറും ഇടവിടാതെ ഉപദേശിക്കയും യേശുവിനെ ക്രിസ്തു എന്നു സുവിശേഷിക്കയും ചെയ്തുകൊണ്ടിരുന്നു. ദൈവവചനം പരന്നു. യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി. പുരോഹിതന്മാരിലും വലിയൊരു കൂട്ടം വിശ്വാസത്തിന്നു അധീനരായിത്തീർന്നു. അനന്തരം സ്തെഫാനൊസ് എന്ന ഒരു ശിഷ്യൻ കൃപയും ശക്തിയും നിറഞ്ഞവനായി യേശുവിനെപ്പറ്റി ശക്തിയോടെ പ്രസംഗിച്ചു. യഹൂദന്മാരോ അവനെ കല്ലെറിഞ്ഞു കൊന്നുകളഞ്ഞു. ഈ സംഭവത്തോടെ ശിഷ്യന്മാർ ചിതറിപ്പോയി. ചിതറിപ്പോയവർ വചനം സുവിശേഷിച്ചുകൊണ്ട് അവിടവിടെ സഞ്ചരിച്ചു. ഫിലിപ്പൊസ് ശമര്യ പട്ടണത്തിൽ ചെന്നു അവരോടു സുവിശേഷം പ്രസംഗിച്ചു. അനേകർ കർത്താവിൽ വിശ്വസിച്ചു പരിശുദ്ധാത്മാവിനെ പ്രാപിച്ചു.

അനന്തരം ക്രിസ്ത്യാനികളെ ഉപദ്രവിച്ചുകൊണ്ടിരുന്ന ശൗലിനെ കർത്താവു തന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പിൽ വഹിപ്പാൻ തിരഞ്ഞെടുത്തു. യേശു തന്നേ ദൈവപുത്രൻ എന്നു പള്ളികളിൽ പ്രസംഗിച്ചു. ഇതറിഞ്ഞ യഹൂദന്മാർ ശൗലിനെ കൊല്ലുവാൻ ആലോചിച്ചു. ഉന്നത പദവിയും മതതീക്ഷ്ണതയും വഹിച്ചിരുന്ന ശൗലിനെ കർത്താവു തന്റെ മാനപാത്രമായി തിരഞ്ഞെടുത്തപ്പോൾ അദ്ദേഹം ഏതു കഷ്ടവും ദൈവസഭയ്ക്കു വേണ്ടി സഹിക്കുവാൻ തയ്യാറുള്ള പൗലൊസായി മാറി. ഏതുവിധേനയും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കണം എന്ന തീവ്രമായ ചിന്ത അദ്ദേഹത്തെ ഭരിച്ചു അതിനുവേണ്ടി കഠിനമായി പ്രയത്നിച്ചു. പൗലൊസ് തന്നെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു: ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി, അനവധി അടി കൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി, യഹൂദരാൽ ഞാൻ ഒന്നു കുറയ നാല്പതടി അഞ്ചുവട്ടം കൊണ്ടു; മൂന്നു വട്ടം കോലിനാൽ അടി കൊണ്ടു: ഒരിക്കൽ കല്ലേറു കൊണ്ടു; മൂന്നുവട്ടം കപ്പൽച്ചേതത്തിൽ അകപ്പെട്ടു... നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്, സ്വജനത്താലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത്, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത്, അദ്ധ്വാനം, പ്രയാസം, ഉറക്കിളപ്പ്, പൈദാഹം, പട്ടിണി, ശീതം, നഗ്നത, എന്നീ അസാധാരണ സംഗതികൾ സംഭവിച്ചു. എന്നിട്ടും കാറ്റിൽ ഉലയുന്ന

**ശേഷം പേജ് 7 കാണുക**

# കുടുംബം ദൈവാലയമാക്കി മാറ്റുക



എൽസി ബേബി, ന്യൂ യോർക്ക്

**കു**ടുംബം, ഭാര്യാഭർത്താക്കൾ, മാതാപിതാക്കൾ, മക്കൾ ഇവയെല്ലാം സർവ്വശക്തനായ ദൈവം മനുഷ്യനു നല്കിയിരിക്കുന്ന അനുഗ്രഹങ്ങളാകുന്നു. ഒരു സന്തുഷ്ടകുടുംബമാകുന്നു സമൂഹത്തിന്റെ അനുഗ്രഹവും അലങ്കാരവും. അങ്ങനെ സമൂഹം നന്നായാൽ രാജ്യം നന്നാകും. ഇങ്ങനെ നന്മകളും സന്തുഷ്ടിയും നിറഞ്ഞ കുടുംബങ്ങളാൽ സമൂഹം നിറഞ്ഞ് അനുഗ്രഹിക്കപ്പെടേണം. ഈശ്വരൻ ഈ അഖിലാണ്ഡവും, അതിലുള്ള സർവ്വവും സൃഷ്ടിച്ചത് അവയെ അടക്കി ഭരിച്ചു വാഴുവാൻ ഒരു മാനവജാതിയെ മുൻകരുതിക്കൊണ്ടുമായിരുന്നു. ദൈവം തന്റെ സ്വരൂപത്തിലും, സാദൃശ്യ പ്രകാരവും മനുഷ്യനെ സൃഷ്ടിച്ച് അവനു തക്കതുണയായി ഒരു സ്ത്രീയെയും സൃഷ്ടിച്ച് വിവാഹം എന്ന വിശുദ്ധകൂദാശയിലൂടെ ഒന്നാക്കി കൂട്ടിച്ചേർത്തത് അവരിലൂടെ നല്ല നല്ല തലമുറകൾ സംജാതമാകുക; അവരിലൂടെ സ്നേഹസ്വരൂപനായ ദൈവം തന്റെ സ്നേഹവും അനുഗ്രഹങ്ങളും പങ്കുവയ്ക്കുക, തമ്മിൽ തമ്മിൽ സ്നേഹിക്കുക, സ്നേഹിക്കപ്പെടുക, ആരാധിക്കുക, സന്തുഷ്ട കുടുംബങ്ങൾ പെരുകിയ സമൂഹമായി ദൈവം പ്രസാദിക്കുന്ന ഒരു സമൂഹം സംജാതമാക്കുക. ഇതായിരുന്നു മനുഷ്യനെക്കുറിച്ചുള്ള ദൈവവികോദ്ദേശ്യവും പരിപാടികളും. പക്ഷെ ദൈവവിരോധിയായ പിശാചു തന്റെ തന്ത്രങ്ങളാൽ മനുഷ്യനെ വഞ്ചിച്ച് ദൈവിക കല്പന ലംഘിച്ചു പാപം ചെയ്യാൻ പ്രേരിപ്പിച്ചതിന്റെ ഫലമായി മനുഷ്യരെ ദൈവത്തിൽ നിന്നും അകറ്റി ഭാര്യാഭർത്തൃബന്ധം തകർത്തു ഭൂമി ശപിക്കപ്പെട്ടു. മനുഷ്യനു ദൈവപറുദീസാ നഷ്ടമായി എന്നതാണു പരമാർത്ഥം. പാപിയായ മനുഷ്യനിലൂടെ ദുഷ്ടത നിറഞ്ഞ തലമുറകളുണ്ടാകുവാനിടയായി. ഇന്നു നാം കാണുന്ന സകലവിധ അകൃത്യങ്ങളുടെയും, അധർമ്മങ്ങളുടെയും ലംഘനങ്ങളുടെയും ഉടയവൻ സാത്താൻ എന്ന ദൈവവിരോധി മാത്രമാകുന്നു. എന്നിരുന്നാലും സ്നേഹസ്വരൂപിയും കരുണാമയനുമായ ദൈവം മനുഷ്യനു നന്മ തിന്മകളെ തിരിച്ചറിവാനുള്ള ബുദ്ധി നല്കി അവരുടെ പാപങ്ങളെ ക്ഷമിച്ച് വീണ്ടും ദൈവിക സംസർഗ്ഗത്തിനുള്ള മാർഗ്ഗം നല്കിയിട്ടുണ്ട്. കാരണം നന്മ തിന്മകളെ തിരിച്ചറിവാനുള്ള വൃക്ഷഫലം മനുഷ്യൻ തിന്നതിന്റെ ഫലമായി ഏതു മനുഷ്യനും നന്മതിന്മകളെ തിരിച്ചറിഞ്ഞ് തിന്മ തള്ളി നന്മതിരഞ്ഞെടുക്കുവാനുള്ള ബുദ്ധിശക്തി പ്രാപിച്ചിട്ടുണ്ട്. പക്ഷെ മനുഷ്യൻ നന്മകളേക്കാൾ തിന്മകൾ ഇഷ്ടപ്പെടുകയും തിന്മകളിൽ ജീവിപ്പാൻ ഇഷ്ടപ്പെടുന്നു എന്നതല്ലേ യാഥാർത്ഥ്യം? അതുമൂലം അനുഭവിക്കുന്ന തിന്മകളുടെ ഫലം മാത്രമാണ് ഇന്നു നാം നമ്മുടെ സമൂഹങ്ങളിൽ കാണുന്ന ദുഷ്പ്രവൃത്തികൾക്കുനിദാനം. കഷ്ടതകളും, നാനാവ്യാധികളും, കൊള്ളരുതായ്മകളും അധർമ്മങ്ങളും പെരുകി സമൂഹം നശിച്ചു കൊണ്ടിരിക്കുന്നതിന് ദൈവത്തെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ദൈവം പ്രസാദിക്കുന്ന കുടുംബങ്ങൾ പണിതുയർത്തുക എന്നതു തന്നേ കരണീയം.

ദൈവം പ്രസാദിക്കുന്ന കുടുംബം ദൈവത്താൽ പണിയപ്പെടുന്ന കുടുംബമായിരിക്കണം. അങ്ങനെയുള്ള ഭവനങ്ങൾ ദൈവം വസിക്കുന്ന ദൈവാലയമായിരിക്കും. ദൈവത്താൽ തിരഞ്ഞെടുത്തു കൂട്ടി ചേർക്കുന്ന

യുവതീയുവാക്കളെ വിവാഹം എന്ന വിശുദ്ധ കൂദാശയാൽ ഭാര്യാഭർത്താക്കന്മാരാക്കി അഭിഷേകം ചെയ്യുക. അവർ രണ്ടല്ല, ഒരു ശരീരമായി ഒത്തു ചേർന്ന് ദൈവം വേർപിരിക്കുംവരെ യാതൊരു കാരണവശാലും വേർപിരികയില്ല എന്ന ഉഭയ സമ്മതം ചെയ്ത് കുടുംബ ജീവിതത്തിലേക്കു പ്രവേശിക്കുന്ന ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ ജീവിതാന്ത്യം വരെ പാലിക്കേണ്ട ഉഭയ സമ്മതമാകുന്നു അത് എന്നോർക്കുക. ദൈവസന്നിധിയിൽ അനേകം സാക്ഷികളുടെ മുമ്പാകെ എടുക്കുന്ന ഈ ഉഭയസമ്മതം തെറ്റിച്ചാലുണ്ടാകുന്ന ശിക്ഷ നാം ചിന്തിക്കുന്നതിലുമധികം ഭയാനകമായിരിക്കും. വിവാഹിതരായ മാതാപിതാക്കൾ മക്കളുടെയും മാതാപിതാക്കളുടെയും സമൂഹത്തിന്റെയും മുമ്പാകെ ലജ്ജയോ ഭയമോ കൂടാതെ വിവാഹ മോചനം തേടുന്നതു മൂലം അനുഭവിക്കുന്ന വിപത്തുകൾ വിവരിക്കേണ്ടതില്ലല്ലോ! വിവാഹ മോചനം പ്രശ്നപരിഹാരമല്ല; പ്രശ്നങ്ങൾ വർദ്ധിക്കയേ ഉള്ളൂ എന്നോർക്കുക. കഴിവതും പ്രശ്നങ്ങൾ ഒഴിവാക്കി വിവാഹത്തിന്റെ പരിശുദ്ധിയും ഭദ്രതയും അന്ത്യം വരെ കാത്തു സൂക്ഷിക്കുക. കുടുംബജീവിതത്തിൽ ദൈവം ദാനം ചെയ്യുന്ന മക്കളെ സന്തോഷത്തോടെ സ്വീകരിച്ച് അവരെ ദൈവത്തിനായി വളർത്തുവാൻ മാതാപിതാക്കൾ ബാധ്യസ്ഥരാകുന്നു. "മക്കൾ മേശയ്ക്കുചുറ്റും ഒലിവുതൈകൾ പോലെ ആയിരിക്കണം". ഇന്നു വലിയ മേശയും കസേരകളും ഉണ്ട്. ചുറ്റിലും ഇരിക്കാൻ ആളുകളില്ല! സന്തുഷ്ട കുടുംബത്തിൽ മാതാപിതാക്കളും മക്കളും ഒന്നിച്ചിരുന്ന് ഊണു കഴിക്കയും, സന്തോഷത്തോടെ ഹൃദയം തുറന്നു സംസാരിക്കുകയും, കുടുംബനാഥൻ മക്കൾക്കു വേണ്ട ഉപദേശങ്ങൾ നല്കുകയും മക്കൾക്കു തങ്ങളുടെ സംശയങ്ങളും ആവശ്യങ്ങളും ശങ്ക കൂടാതെ തുറന്നു പറയുവാൻ അവസരങ്ങൾ നല്കയും വേണം. അങ്ങനെ കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നു സല്ലപിക്കുന്ന ഭവനങ്ങളിൽ പ്രശ്നങ്ങൾ നേരിടുമ്പോൾ അന്യോന്യം സഹകരിച്ച് അവയെ നേരിടുന്നു. കുടുംബാംഗങ്ങൾ അന്യോന്യം സ്നേഹിക്കയും ബഹുമാനിക്കയും വേണം. മാതാപിതാക്കൾ തമ്മിലുള്ള സ്നേഹവും, ബഹുമാനവും, ഐക്യവും കണ്ടുവളരുന്ന കുഞ്ഞുങ്ങൾ അതനുകരിക്കും. മക്കളുടെ സ്വഭാവങ്ങളിലും, പെരുമാറ്റങ്ങളിലും വരുന്ന മാറ്റങ്ങൾ മാതാപിതാക്കൾ മനസ്സിലാക്കി അതനുസരിച്ചു അവരെ സഹായിക്കണം.

മക്കൾക്ക് അമിത സ്വാതന്ത്ര്യം നല്കുന്നത് അപകടകരമാകുന്നു. അവരെ പ്രസാദിപ്പിക്കാനായി അവർ ചോദിക്കുന്നതെല്ലാം വാങ്ങിക്കൊടുത്ത് അവരെ വഷളാക്കുന്ന പ്രവണത നല്ലതല്ല. പ്രശ്നങ്ങളും പ്രയാസങ്ങളും നേരിടുവാനുള്ള ശിക്ഷണം സ്വഭവനത്തിൽ നിന്നും മക്കൾ അഭ്യസിക്കേണ്ടിയിരിക്കുന്നു. മക്കളുടെ കൂട്ടുകാർ ആരൊക്കെയാണെന്നും, വീടിനു പുറമെയുള്ള അവരുടെ ജീവിതം എങ്ങനെയാകുന്നുവെന്നും മാതാപിതാക്കൾ അറിഞ്ഞിരിക്കണം. കുടുംബാന്തരീക്ഷത്തിൽ ദൈവഭക്തിക്കും പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും തിരുവചന പഠനത്തിനും പ്രാധാന്യം നല്കി പ്രായോഗികമാക്കുക. അങ്ങനെയുള്ള മാതൃകാ കുടുംബങ്ങളെ പണിതുയർത്തുവാനുള്ള ശിക്ഷണം മക്കളെ അഭ്യസിപ്പിച്ചുവളർത്തുക. ദൈവഹിതമല്ലാത്ത വാക്കു-തർക്കങ്ങളോ വഴക്കുകളോ മോശമായ സംഭാഷണങ്ങളോ മറ്റുള്ളവരെ കുറ്റം പറഞ്ഞു വിധിക്കയും മറ്റും ചെയ്യുന്ന പ്രവണതകൾ പാടില്ല. നശ്വരമായ ഈ ലോകത്തിന്റെ അനാവശ്യമായ ആഡംബരങ്ങളും, ആർഭാടങ്ങളും അനുകരണങ്ങളും കേവലം താത്കാലികമാകുന്നുവെന്നും ഉള്ളതിൽ സംതൃപ്തിപ്പെട്ടു കഴിയുന്നതാണ് ബുദ്ധിയും നിലനില്ക്കുന്നതെന്നും മാതാപിതാക്കൾ മക്കളെ മാതൃകകാട്ടി പഠിപ്പിക്കുക. ആധുനിക കണ്ടുപിടിത്തങ്ങളിലും, ടെക്നോളജികളിലും മറ്റും പതിയിരിക്കുന്ന അപകടങ്ങൾ മക്കളെ പറഞ്ഞു മനസ്സിലാക്കുക. അവയിലുള്ള നന്മകളെ മാത്രം സ്വീകരിച്ച് തിന്മകളെ തള്ളിക്കളയുവാനുള്ള ശീലം കുടുംബാന്തരീക്ഷത്തിൽ നിന്നും മക്കളും മാതാപിതാക്കളും ഒരു

പോലെ അഭ്യസിക്കുക. ഐഫോൺ, വാട്സ് ആപ്പ്, ഫെയ്സ് ബുക്ക് ഇവയെല്ലാം മനുഷ്യമനസ്സുകളെ അടിമകളാക്കുവാൻ തക്ക ശക്തിയേറിയവയാണെന്നു മനസ്സിലാക്കി അവയിലൂടെ നേരിടാവുന്ന അപായങ്ങളെയും അപകടങ്ങളെയും മനസ്സിലാക്കി ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുവാൻ മാതാപിതാക്കളും മക്കളും അഭ്യസിക്കുക. ഈവിധം നമ്മുടെയൊക്കെ കുടുംബാന്തരീക്ഷം ഉല്ലാസകേന്ദ്രവും, ദൈവം പ്രസാദിക്കുന്ന ദൈവാലയവുമാക്കിയാൽ ഇന്നു നാം കാണുന്ന ലജ്ജാകരവും, കാഠിന്യമേറിയ പല സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും ഒഴിവാക്കാൻ സാധിക്കും എന്നതിന്നു പക്ഷാന്തരമില്ല. അതിനു തയ്യാറുള്ള മാതാപിതാക്കളും, യുവജനങ്ങളും മതനേതാക്കളും, ഭരണാധികാരികളും മുമ്പോട്ടു വന്ന് മുൻകരുതലെടുത്തു പ്രവർത്തിച്ചാൽ നമ്മുടെ കുടുംബങ്ങളും, സമൂഹവും ജനങ്ങളും നന്നാകും എന്നു മാത്രമല്ല, സമാധാനവും സന്തുഷ്ടി നിറഞ്ഞതുമായ ഒരു ജീവിതം കൈവരിക്കാനിടയാകും. സർവ്വശക്തനായ ദൈവം അതിനു സഹായിക്കട്ടെ എന്ന ആഗ്രഹത്തോടും പ്രാർത്ഥനയോടും കൂടെ ഈ ലേഖനം വായനക്കാർക്കായി സമർപ്പിക്കുന്നു. ✪

## പേജ് 4 - ന്റെ തുടർച്ച (കൊടുങ്കാറ്റിന്റെ നടുവിൽ മധുരഗാനം ആലപിക്കുന്ന പക്ഷികൾ)

ചില്ലയിലായിരുന്നു മധുരഗാനം ആലപിക്കുന്ന പക്ഷിയെപ്പോലെ കർത്താവിൽ വിശ്വസിച്ചു, ആശ്രയിച്ചു.

നീറോ ചക്രവർത്തിയുടെ ഭരണകാലത്ത് റോമിൽ ഒരു വലിയ അഗ്നിബാധ ഉണ്ടായി. നീറോ ആണ് ഇതിന്റെ കാരണക്കാരൻ എങ്കിലും കുറ്റം ക്രിസ്ത്യാനികളിൽ ആരോപിച്ച് അവരെ പീഡിപ്പിച്ചു തടവിലാക്കി. അക്കൂട്ടത്തിൽ പൗലൊസും തടവിലാക്കപ്പെട്ടു. പിന്നീട് നീറോ പൗലൊസിനെ ശിരച്ഛേദം ചെയ്തു. ഫിലിപ്പൊസ് എ.ഡി. 52-ൽ ക്രൂശിക്കപ്പെട്ടു. എ.ഡി. 64-ൽ പത്രൊസ് തല കീഴായി ക്രൂശിക്കപ്പെട്ടു. സുവിശേഷവുമായി പോയ മർക്കൊസിനെ ഈജിപ്തിൽ വെച്ച് സുവിശേഷവിരോധികൾ എരിയുന്ന തീയിലേക്കു വലിച്ചെറിഞ്ഞു ചുട്ടു കൊന്നു. സുവിശേഷവാഹിയായി ഇന്ത്യയിലേക്കു വന്ന തോമസിനെ തമിഴ്നാട്ടിൽ വെച്ചു സുവിശേഷവിരോധികൾ കുന്തം കൊണ്ടു കുത്തിക്കൊന്നു. മത്തായി എ.ഡി. 60-ൽ വാളിനാൽ കൊല്ലപ്പെട്ടു. യാക്കോബിന്റെ ലേഖനം എഴുതിയ യാക്കോബ് ഈർച്ചവാളിനാൽ അറുക്കപ്പെട്ടു. യാക്കോബിന്റെ സഹോദരൻ യൂദാ ക്രൂശിക്കപ്പെട്ടു. മത്ഥിയാസ് ശിരച്ഛേദം ചെയ്യപ്പെട്ടു. അന്ത്രയോസിനെ ക്രൂശിൽ കയറുകൊണ്ടു വരിഞ്ഞു കെട്ടി മൂന്നു ദിവസം മുഴുവനും ക്രൂശിൽ കിടന്നു മരിച്ചു. ബർത്തലൊമായിയെ വിഗ്രഹാരാധികൾ വാൾ കൊണ്ടു വെട്ടിക്കൊന്നു. ഇവരുടെയൊക്കെ ജീവിതാന്ത്യത്തെക്കുറിച്ച് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇവരെക്കൂടാതെ റോമാ ചക്രവർത്തിമാരുടെയും നീറോ ചക്രവർത്തിയുടെയും ഭരണകാലത്ത് അനേകം മിഷനറിമാർ രക്തസാക്ഷി മരണം വരിച്ചു. ആദിമ നൂറ്റാണ്ടുകളിൽ അനേകായിരം പേർ തങ്ങളുടെ ക്രൈസ്തവ വിശ്വാസത്തിനുവേണ്ടി ബലിയർപ്പിക്കപ്പെട്ടു. ഇന്നും വിശ്വാസത്തിനുവേണ്ടി അനേകം വിശുദ്ധന്മാർ ജീവൻ അർപ്പിച്ചുകൊണ്ടിരിക്കുന്നു. ഇവരുടെയെല്ലാം ആത്മാക്കൾ ഇന്നു പരദീസയിൽ വിശ്രമിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലെ വരവിങ്കൽ അവരൊക്കെയും രൂപാന്തരം പ്രാപിച്ച് ക്രിസ്തുവിനോടു കൂടെ നക്ഷത്രങ്ങളെപ്പോലെ ശോഭിക്കും എന്നു നമുക്കു അഭിമാനിക്കാം. വിശ്വാസികളായ നമുക്കുണ്ടാകുന്ന കഷ്ടങ്ങളും, പ്രതികൂലങ്ങളും നമ്മെ തകർത്തു കളയാനല്ല മറിച്ച് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ ശോഭിച്ചു ദൈവത്തിനായി ഫലം കായ്ക്കാനാണെന്ന ആത്മധൈര്യത്തിൽ കർത്താവിൽ ആശ്രയിക്കാം. ✪

# “യെരുശലേം പുത്രിമാരേ”

തങ്കമ്മ സാം, തിരുവനന്തപുരം



“**യെ**രുശലേം പുത്രിമാരേ, എന്നെ ചൊല്ലി കരയേണ്ടാ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ” (ലൂക്കൊ: 23:27,28)

ഇന്നിന്റെ ആവശ്യം ദൈവമക്കളായ നാം നമ്മെയും നമ്മുടെ മക്കളെയും ചൊല്ലി കരയുക എന്നതാണ് എന്ന് നാം അറിയണം. മേലുദ്ധരിച്ച വചനഭാഗത്തിന്റെ സന്ദർഭം നോക്കാം. യേശുവിനെ പല പ്രാവശ്യം വിസ്തരിച്ച് പീലാത്തോസ് മരണകരമായ കുറ്റമൊന്നും കാണുന്നില്ല എന്ന് വിധി എഴുതി. എന്നാൽ അതിനു വിരോധമായി, യഹൂദന്മാരുടെ പ്രീതി സമ്പാദിക്കുവാനായി മഹാപുരോഹിതന്മാരുടെയും യഹൂദന്മാരുടെയും ആഗ്രഹം പോലെ അടിപ്പിച്ചു ക്രൂശിപ്പാൻ അവനെ ഏല്പിക്കുകയാണ് ചെയ്തത്. അവർ കൈയേറ്റു രക്തം വാർന്നുവിരൂപമാക്കി, കണ്ടാൽ ആളല്ല എന്ന വിധത്തിൽ പച്ചമരക്കുരിശും ചുമപ്പിച്ച് നടത്തി. തലയോടിടം എന്നിടത്തേക്കു കൊണ്ടു പോകുകയാണ്. കുറേനക്കാരനായ ശിമോനെ വഴിയിൽ കണ്ടു നിർബന്ധിച്ചു കുരിശു ചുമപ്പിച്ചു. അനേക പുരുഷാരവും, വളരെ സ്ത്രീകളും കരഞ്ഞും അലമുറയിട്ടും കൊണ്ട് അവന്റെ പിന്നാലെ നടക്കുകയാണ്. സ്ത്രീകൾ ഗലീല മുതൽ തന്നെ ശുശ്രൂഷിച്ചു കൊണ്ടും കൂടെനടന്നവരും അനേക നന്മകൾ യേശുവിൽ നിന്നും പ്രാപിച്ചവരുമാണ്. ആ വികാരങ്ങളാണ് ഇങ്ങനെ കരയുവാൻ പ്രേരിപ്പിച്ചത്. യേശു തിരിഞ്ഞ് അവരെ നോക്കി പറയുകയാണ്, ‘യെരുശലേം പുത്രിമാരേ, എന്നെ ച്ചൊല്ലിക്കരയേണ്ടാ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ’. കർത്താവ് അവരെ ഓർമ്മിപ്പിക്കുന്നത്, ഞാൻ സാക്ഷാൽ ദൈവമാണ്; പാപമില്ലാത്ത അതിപരിശുദ്ധനായ ദൈവപുത്രൻ, ലോകരക്ഷിതാവ്, അതിപരിശുദ്ധൻ. ആരുടെയും സഹതാപം ആവശ്യമില്ലാത്തവൻ. അപ്പോൾ ദൈവമക്കളായ നാം കരയേണ്ടത് എന്തിനായിട്ട്? തിരുവചനത്തിലേക്കു തിരിയാം.

**നിങ്ങളെ ചൊല്ലി കരയുവിൻ. കരയുവാനുള്ള കാരണങ്ങൾ?**

**വചനം അനുസരിച്ചില്ല.** യിസ്രായേൽ മക്കൾ മത്സരബുദ്ധികളായി ദൈവകല്പന തിരസ്കരിച്ചതിനാൽ നേരിട്ട അനർത്ഥങ്ങൾ. ജീവിതം താറുമാറായി, ദൈവാലയം നശിപ്പിക്കപ്പെട്ടു, പ്രവാസികളായി പോയി. അടിമവേല അന്യരാജ്യത്തു ചെയ്യേണ്ടിവന്നു. ദൈവം കാലാകാലങ്ങളിലായി പ്രവാചകന്മാരെ വചനം കൊടുത്തു അയച്ചു. അന്നു എഴുതപ്പെട്ട വചനം ഇല്ലായിരുന്നു. പ്രവാചകന്മാരുടെ വാക്കുകൾ കേൾക്കാതെ മറുതലിച്ചു എന്നു മാത്രമല്ല അവരെ കൊല്ലുകയും ചെയ്തു. ഇന്നു അതാണ് നടക്കുന്നത്! എഴുതപ്പെട്ട വചനം ഉള്ളതിനാൽ പ്രവാചകന്മാരുടെ ആവശ്യം ഇന്നില്ല. ഉണ്ടെന്നു പറഞ്ഞു ആരെങ്കിലും വന്നാൽ അവർ കള്ളപ്രവാചകന്മാരും ദുരുപദേശക്കാരുമത്രേ. അവരെ സ്വീകരിക്കരുത്. ഇന്ന് നമുക്ക് ഉപദേഷ്ടാക്കന്മാരും, ദൈവദാസന്മാരും, സുവിശേഷകന്മാരും, വചനം വിഭജിച്ചു പഠിപ്പിച്ചു തരുവാനുമുണ്ട്. പ്രശ്നം, അതുകേട്ട് അനുസരിക്കുവാൻ മനസ്സില്ല എന്നതാണ്. വചനം കേൾക്കുന്നതു തന്നെ അരോചകം. ദൈവദാസന്മാരെ ഉപദ്രവിക്കുകയും കൊല്ലുകയുമാണ്. “ചെവി ഉള്ളവൻ കേൾക്കട്ടെ” എന്ന്

വെളിപ്പാടിൽ സഭകളോടു പറയുന്നു. എല്ലാവർക്കും ചെവിയുണ്ട് . വചനം കേട്ടനുസരിക്കുവാൻ മനസ്സില്ല എന്നു മാത്രം. യരുശലേമേ..... നിന്റെ മക്കളെ എത്രവട്ടം ചേർത്തുകൊൾവാൻ എനിക്കു മനസ്സായിരുന്നു. നിങ്ങൾക്കോ മനസ്സായില്ല. ലൂക്കൊ. 13:34. നാം എങ്ങനെയെന്നു സ്വയം ശോധന ചെയ്യാം. സകല മനുഷ്യരുടെയും പാപപരിഹാരത്തിനായി സ്വന്തം ജീവൻ മറുവിലയായിക്കൊടുത്ത ദൈവപുത്രനെ നമുക്ക് അനുസരിക്കാം. വചനത്തിലേക്കു മടങ്ങി വരാം നമ്മെത്തന്നെ ചൊല്ലിക്കരയാം. അനുതപിച്ച് ഏറ്റുപറയാം ഇല്ല എങ്കിൽ വലിയ നഷ്ടം നമ്മുടെ ക്രിസ്തീയ ജീവിതത്തെ തകർക്കും. ഇരുവായ്ത്തലയുള്ള വചനമാകുന്ന വാൾ ദർശിക്കാം എഫെ. 6:10–18. കർത്താവ് ഏറ്റവും അധികം പരസ്യവേല ചെയ്യുകയും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുകയും ചെയ്ത നഗരങ്ങളായ കോരസീന്റെ കഫർന്നഹൂം 'ബേത്സയിദ എന്നിവയെ നോക്കി ഹാ! കഷ്ടം എന്നാണ് പറയുന്നത്' (മത്താ. 11:21–24). 'നീതിമാന്മാർ നിലവിളിച്ചു, യഹോവ കേട്ടു...' (സങ്കീ. 34:17). കരയുവാൻ ഒരുക്കപ്പെട്ട, തകർന്ന ഹൃദയം നമുക്കുണ്ടാകണം. "എന്നെ വിളിച്ചപേക്ഷിക്ക... ഞാൻ നിന്നെ അറിയിക്കും" യിരെ 33:3. നമ്മെ ആശ്വസിപ്പാൻ തയ്യാറായി നില്ക്കുന്ന കർത്താവിനോടു നമുക്ക് കരയാം. മത്താ. 11:28–30.

### ദൈവിക കാര്യങ്ങൾക്കു പ്രഥമസ്ഥാനം കൊടുത്തില്ല.

നമ്മെച്ചൊല്ലി കരയേണ്ട രണ്ടാമത്തെ കാരണം ദൈവത്തിനു ഒന്നാംസ്ഥാനം ജീവിതത്തിൽ കൊടുത്തില്ല എന്നതാണ്. യിസ്രായേൽ ദൈവത്തെ മറന്ന്, ലോകത്തിലേക്കിറങ്ങി, ജാതികളോടു ഇടകലർന്നതിനാൽ ദൈവത്തെ പിറകിലാക്കി. നാമും അതല്ലേ ചെയ്യുന്നത്. ദൈവാലയം നശിപ്പിക്കപ്പെടുവാനും തന്റെ ജനമായ യിസ്രായേൽ അന്യദേശത്തു അടിമകളായിത്തീരുമെന്ന് അറിയാവുന്ന കർത്താവ് അതിനെ ചൊല്ലി കരഞ്ഞു. പിതാവിന്റെ ആലയം പ്രാർത്ഥനാലയം അവർ അതിനെ കള്ളന്മാരുടെ ഗുഹയാക്കി. വില്ക്കുന്നവരും വാങ്ങുന്നവരും... ദൈവത്തിനു തങ്ങളുടെ ജീവിതത്തിൽ സ്ഥാനമില്ലാതായി (ലൂക്കൊ. 19:41; മത്താ. 21:12,13).

### വേർപാടു നഷ്ടപ്പെട്ടു

മൂന്നാമത്തെ കാരണം വേർപാടു കാത്തു സൂക്ഷിച്ചില്ല. ചെല്ലുന്ന ദേശത്തു അവിടെയുള്ള ജാതികളെ നീക്കികളഞ്ഞു, ഉന്മൂല നാശം ചെയ്യണമെന്ന ദൈവകല്പനയെ യിസ്രയേൽ ജനം അവഗണിച്ചു. ജനം ജാതികളോടു ഇടകലർന്നു. ഫലം ജാതികൾ യരുശലേം ചവുട്ടിക്കളഞ്ഞു. ലോകം ജഡം പിശാചു ഇവയ്ക്കു അടിമകളായി, നമ്മെ വീണ്ടെടുത്ത കർത്താവിനെ വിട്ടു നാമും അടിമനുകത്തിൽ കുടുങ്ങിപ്പോകാതെ കർത്താവിന്റെ കല്പന പ്രകാരം വിശുദ്ധ ജീവിതം ചെയ്യേണ്ടവരാണ്. പിതാക്കന്മാർ ഏതിനോടൊക്കെ വേർപാടു പാലിച്ചോ അതൊക്കെ തിരികെ പ്രാപിച്ചു വേർപാടുകാർ എന്ന പേരിനു പോലും കളങ്കം ചാർത്തുകയല്ലേ നാമും നമ്മുടെ പിൻതലമുറയും. വിലപിച്ചു കരയാം. യഥാർത്ഥ വേർപെട്ട ജീവിതത്തിലേക്കു മടങ്ങിവരാം. "ഇതാ തനിച്ചു പാർക്കുന്നോരു ജനം, ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല". സംഖ്യ 23:9. നമ്മോടു പറയുന്നത് "അവിശ്വാസികളോടു ഇണയല്ലാപ്പിണകൂടരുത്" 2 കൊരി 6:14. "വെളിച്ചത്തിനു ഇരുളിനോടു എന്തൊരു കൂട്ടായ്മ? ശോധന ചെയ്യുക. ഇന്നത്തെ നമ്മുടെ അവസ്ഥ എത്ര ശോചനീയം; കരയാം, മടങ്ങിവരാം. 'അന്ധകാരത്തിൽ നിന്നും നമ്മെ അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചിരിക്കുകയാണ് 1 പത്രൊ. 2:9. നാം പിന്നെയും, അന്ധകാരത്തിലേക്കു നിപതിക്കുകയല്ലേ ഉണരാം. ദുഃഖിച്ചു കരയാം.

### മക്കളെച്ചൊല്ലി കരയുവിൻ

കർത്താവ് പറഞ്ഞ രണ്ടാമത്തെ കാര്യം. മക്കൾ നമ്മുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന നിധിയാണ്. നാം സൂക്ഷിച്ചു കൈകാര്യം ചെയ്തു കണക്കുകൊടുക്കേണ്ടവരാണ്. ദൈവഭയത്തിൽ കർത്താവിനായി

വളർത്തി എടുക്കണം. നമ്മുടെ ഉത്തരവാദിത്തം എത്രവലുത്! ആത്മഭാരം ഉണ്ടോ? പലപ്പോഴും ഈ വിഷയത്തിൽ തോറ്റുപോകുന്നില്ലേ? ഈ വല്ലാത്ത ദുഷ്ടലോകത്തിൽ ചുവടുതെറ്റി പാപത്തിന്റെ ചെളിക്കുഴിയിൽ വീണുപോകാതെ, ദൈവപ്രസാദമുള്ളവരായി നമ്മുടെ തലമുറകൾ, ദൈവമക്കളായി വിശുദ്ധിയിൽ ജീവിക്കുവാൻ അവരെ നേരായ വഴിയിലേക്കു ആനയിക്കേണ്ടവരാണ് നാം. നമ്മുടെ പരാജയം മനസ്സിലാക്കി ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞു ഹൃദയ നുറുക്കത്തോടെ കരഞ്ഞു പ്രാർത്ഥിക്കാം. നമ്മുടെ കർത്താവു തന്റെ മക്കളുടെ കണ്ണുനീരിനെ മറികടന്നു പോകുന്നവനല്ല. പ്രാർത്ഥന കേൾക്കും ഉത്തരമരുളും. കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ തന്നെ, അല്ല ഉദരത്തിൽ ഉരുവാകുമ്പോൾ തന്നെ അവരെ ദൈവത്തിനായി പ്രതിഷ്ഠിക്കാം. എന്തേ ആത്മഭാരമില്ലാത്തത്? അവർ തെറ്റിപ്പോയാൽ നാമല്ലേ ഉത്തരവാദികൾ? മാതാക്കളേ, സഹോദരിമാരേ നമുക്ക് മക്കളെച്ചൊല്ലി കരയാം. ദൈവം നമ്മുടെ യാചനയ്ക്ക് കണ്ണുനീരിന് മറുപടി നല്കും. സ്തോത്രം. ഹന്നായുടെ തീരുമാനം നമുക്കു ഏറ്റെടുക്കാം. 1 ശമൂ. 1:11, 27, 28. 2:21 അതോ ഏലി പുരോഹിതനെപ്പോലെയോ? 1 ശമൂ. 2:29,30 ശമുവേലിനെപ്പോലെയോ അല്ല ദാവീദു രാജാവിനെപ്പോലെയോ? മക്കളെ ദൈവകൃപയിലും ശിക്ഷണത്തിലും വളർത്തുന്നതിൽ പരാജയപ്പെട്ടോ? അതിന്റെ പരിണതഫലങ്ങൾ എത്ര വലുത്? ചിന്തിക്കുക. ഇന്നു കരയാതിരുന്നാൽ പിന്നീടു വിലപിച്ചാൽ ഫലമില്ല.

**നാശത്തിലേക്കു പോകുന്ന ആത്മാക്കളെ ഓർത്ത്**

തലപൊക്കി ചുറ്റുപാടുകളിലേക്കു നോക്കാം, ദിനേന നിത്യനാശത്തിലേക്കു പോകുന്നവർ എത്ര? നമുക്ക് അവരുടെ വിലയേറിയ ആത്മാക്കളെ ഓർത്തുകരയാം. അതോ ഞാനും എന്റെ കുടുംബവും രക്ഷപെട്ടല്ലോ എന്ന സംതൃപ്തിയോ? തലപൊക്കി കൊയ്ത്തിനായി വിളഞ്ഞുകിടക്കുന്ന വയലൊന്നു കാണാം. വേലക്കാരെ അയയ്ക്കേണ്ടതിനായി കൊയ്ത്തിന്റെ യജമാനനോടു കരയാം. ഒരു ആത്മാവിന്റെ വില സർവ്വലോകത്തെക്കാളും വിലയേറിയത്. അവനവന്റെ മക്കളെ നേടുവാൻ കഴിയുന്നില്ല; പിന്നെ എങ്ങനെ മറ്റുള്ളവരെ നേടും? ദൈവദാസന്മാർ വിതയ്ക്കുന്ന വചനം നമ്മുടെ കണ്ണുനീരിനാൽ പ്രാർത്ഥനയാൽ കേൾക്കുന്ന ഹൃദയങ്ങളിൽ കുതിർന്നു മുളച്ചു വരട്ടെ. ദൈവദാസന്മാർക്കുവേണ്ടി കരയാം. ആത്മാക്കൾക്കുവേണ്ടി യാചിക്കാം. പ്രാർത്ഥനയാണ് പിൻബലം. കണ്ണുനീരോടെ വിതച്ചാൽ ആർപ്പോടെ കൊയ്യാം. സങ്കീ. 126:5. ഫലകരമായ കൊയ്ത്തിനുവേണ്ടി കരയേണ്ടത് സഹോദരിമാരായ നമ്മുടെ ഉത്തരവാദിത്തമാണ്. ഉറങ്ങാതെ, ഉണരാം, എഴുന്നേല്ക്കാം, പ്രാർത്ഥിക്കാം. ജാഗരിക്കാം. എഫെ. 5:14. നമുക്ക് നെഹമ്യാവിനെപ്പോലെ കരയാം; പാപം ഏറ്റു പറയാം; ഞാനും എന്റെ പിതാക്കന്മാരും പാപം ചെയ്തു! അസാദ്ധ്യങ്ങളെ ദൈവം സാദ്ധ്യമാക്കിത്തരും. ദൈവം വിശ്വസ്തൻ യൂദാ. വാ. 23. ചിലരെ തീയിൽ നിന്നും വലിച്ചെടുക്കാം. നമ്മെയും നമ്മുടെ മക്കളെയും സകല രക്ഷിക്കപ്പെടാത്ത ജനത്തെയും ഓർത്തു കരഞ്ഞു പ്രാർത്ഥിക്കാം. അവരെ നേടി എടുക്കാൻ സർവ്വശക്തൻ ഇടയാക്കട്ടെ. സർവ്വമഹത്ത്വവും ദൈവത്തിന് സമർപ്പിക്കാം.

✪

## Quest 84-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
2. സൂസമ്മ എബ്രഹാം, കോത്തല, കോട്ടയം
3. ജോയമ്മ സാംസൺ, കൊല്ലം
4. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
5. സി.എം.മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ

Quest 84-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ - ക്വിസ് മാസ്റ്റർ

# ഇതാ സഹോദരന്മാർ!!!

ജെസി ബെൻസെൻ, കൊച്ചി



**ദാ**വീദിനെ ശമുവേൽ പ്രവാചകൻ രാജാവായി അഭിഷേകം ചെയ്തത് അവന്റെ സഹോദരന്മാരുടെ മധ്യേവച്ചായിരുന്നു. ഓരോരുത്തരായി തന്റെ മുമ്പാകെ വരുത്തി അവരെ ആരെയും യഹോവ തിരഞ്ഞെടുത്തിട്ടില്ലെന്നു പറഞ്ഞ് അവരുടെ മധ്യേവച്ച് ദാവീദിനെ രാജാവായി അഭിഷേകം ചെയ്തത് തികച്ചും വ്യത്യസ്തവും ഉന്നതവുമായൊരു ദൈവിക പദ്ധതി പ്രകാരമായിരുന്നു.

അവഗണിക്കപ്പെട്ടവനും തിരസ്ക്കരിക്കപ്പെട്ടവനുമായിട്ടാണ് കുടുംബ പശ്ചാത്തലത്തിൽ ദാവീദിനെ നാം കാണുന്നത്. യിശ്ശായിയെയും മക്കളെയും യാഗത്തിനു ക്ഷണിച്ചപ്പോഴും അവരിൽ ഒരുവനായി യാഗത്തിനു വരുവാൻ ഉദ്ദേശിക്കപ്പെട്ടിരുന്ന ദാവീദ്, ഏറ്റവും ഇളയവൻ എന്നതിനാലോ ആട്ടിടയൻ എന്നതിനാലോ മറ്റോ സഹോദരന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെടാതെ അവഗണിക്കപ്പെടുകയായിരുന്നു. തന്നെയും അവരോടൊപ്പം കൂട്ടിയില്ലെന്നു പറഞ്ഞ് ദാവീദ് പരിഭവിക്കയോ നിരാശപ്പെടുകയോ ചെയ്തില്ലെങ്കിലും സ്വർഗ്ഗം അത് നിസ്സാരമായി തള്ളിക്കളഞ്ഞില്ല. അതുകൊണ്ട് തന്നെ, അവരുടെ മധ്യത്തിൽ നിന്നു അവനെ തിരഞ്ഞെടുത്ത് അവരുടെ മധ്യത്തിൽവെച്ചു തന്നെ അവനെ രാജാവായി അഭിഷേകം ചെയ്തു.

യിശ്ശായിയുടെ മൂത്തമകനായ ഏലിയാബിനെയാണ് അഭിഷിക്തനായി ശമുവേൽ കരുതിയത്. എന്നാൽ, ഞാൻ അവനെ തള്ളിയിരിക്കുന്നു എന്നാണ് യഹോവ പ്രതികരിച്ചത്. മറ്റാരെക്കുറിച്ചും ഞാൻ അവനെ തള്ളിയിരിക്കുന്നു എന്നു പറയാതെ ഞാൻ അവനെ തിരഞ്ഞെടുത്തിട്ടില്ല എന്നാണ് യഹോവ അരുളിച്ചെയ്തത്. ഒരു പക്ഷേ, മൂത്തവനായ ഏലിയാബിനെ തിരഞ്ഞെടുക്കണമെന്നായിരിക്കാം യിശ്ശായിയും അഭിപ്രായപ്പെട്ടത്. ഓരോരുത്തരെയായി തന്റെ മുമ്പാകെ വിളിച്ചുവരുത്തിയിട്ട് യഹോവ ഇവനെ തിരഞ്ഞെടുത്തിട്ടില്ല എന്നു തന്നെയാണ് ശമുവേൽ യിശ്ശായിയോട് പറഞ്ഞത്. ദാവീദ് തിരഞ്ഞെടുക്കപ്പെടുമെന്ന് യിശ്ശായിക്കും പ്രതീക്ഷയുണ്ടായിരുന്നില്ല. എന്നാൽ കുടുംബം വിലമതിക്കാതിരുന്ന ഒരുവനെയാണ് ദൈവം തനിക്കു ബോധിച്ചവനായി കണ്ടെത്തിയത്.

യിശ്ശായി തന്റെ മക്കളിൽ ഇളയവനായ ദാവീദിനെ ഒരു ആട്ടിടയനായിട്ടേ കണ്ടിരുന്നുള്ളൂ. എന്നാൽ ശൗലിന്റെ ബാല്യക്കാരിൽ ഒരുവൻ ദാവീദിന്റെ പല പ്രത്യേകതകളും കണ്ട് മനസ്സിലാക്കിയിരുന്നു. "അവൻ കിന്നരവായനയിൽ നിപുണനും പരാക്രമശാലിയും യോദ്ധാവും വാക്ചാതുര്യമുള്ളവനും കോമളനുമാകുന്നു; യഹോവയും അവനോടുകൂടെയുണ്ട്" എന്നിങ്ങനെയാണ് ആ ബാല്യക്കാരൻ പറഞ്ഞത് (1 ശമൂ. 16:18). എന്നാൽ ഇതൊന്നും ദാവീദിന്റെ സഹോദരന്മാർ അംഗീകരിച്ചിരുന്നില്ല. "നിന്റെ അഹങ്കാരവും നിഗളഭാവവും എനിക്കറിയാം" (17:28). എന്നു മൂത്ത സഹോദരൻ അവനെ കുറ്റപ്പെടുത്തുന്നുണ്ട്. എന്നാൽ ദൈവം അവനിൽ കണ്ടത് മേല്പറഞ്ഞ ശ്രേഷ്ഠതകളോ അഹങ്കാരമോ ഒന്നും ആയിരുന്നില്ല. ഞാൻ ഒരു രാജാവിനെ കണ്ടിരിക്കുന്നു എന്നാണ് യഹോവയായ ദൈവം അരുളിച്ചെയ്തത്. വീട്ടുകാരോ കൂട്ടുകാരോ കാണുന്നതല്ല ദൈവം നമ്മിൽ

ശേഷം പേജ് 22 കാണുക

(തുടർച്ച....)

# പ്രശ്നസാദ്ധ്യതാ മേഖലകൾ

ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ



വിശ്വാസികളുടെ കുടുംബജീവിത തകർച്ചയും പരാജയവും ആത്യന്തികമായി ആത്മീയപരാജയം ആകുന്നു എന്ന സത്യം എല്ലാ ക്രിസ്തീയ ദമ്പതികളും ആഴമായി മനസ്സിലാക്കേണ്ടതാണ്. വിശ്വാസിയിൽ ജഡത്തിന്റെ പ്രവൃത്തികൾ താണ്ഡവമാടുന്നതിനനുസരിച്ച് അവർ കുഴപ്പം പിടിച്ച സാഹചര്യ പ്രശ്നങ്ങളിൽ എളുപ്പത്തിൽ വീണുപോകും എന്നത് സർവ്വസാധാരണമാണ്.

അതിപ്രധാനമായ ഒരു സാഹചര്യ പ്രശ്നം ദമ്പതികളിൽ അനേകരും ദീർഘ നാളുകൾ അകന്നു കഴിയാൻ ഇടയാകുന്നു എന്നതാണ്. അതിന്റെ കാരണങ്ങൾ പലതാണ്. ജോലി, സ്ഥലമാറ്റം, വിസ, തുടരുന്ന പഠനം, സാമ്പത്തികപരാധീനതകൾ, ബിസിനസ്സ്, മാതാപിതാക്കളെ ശുശ്രൂഷിക്കേണ്ട സാഹചര്യം തുടങ്ങിയ പല കാരണങ്ങളാൽ ദമ്പതികൾ ദീർഘനാളുകൾ അകന്നു കഴിയാറുണ്ട്. എന്നാൽ തത്കാലത്തേക്കുള്ള സാമ്പത്തികനേട്ടങ്ങൾ, മറ്റു ഭൗതിക ഉന്നമനങ്ങൾ ഇവയൊക്കെ സന്തോഷത്തോടെ ബലികഴിക്കുവാനും അകന്നു കഴിയേണ്ട കാലയളവ് കഴിയുന്നിടത്തോളം കുറയ്ക്കാനുമുള്ള ആത്മാർത്ഥമായ പരിശ്രമം പങ്കാളികളുടെയും ബന്ധുക്കളുടെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. മറ്റ് എന്തു നഷ്ടം സഹിച്ചും ദമ്പതികൾ സാധിക്കുന്നിടത്തോളം ഒന്നിച്ച് കുടുംബമായി വസിക്കുകയും ഒന്നുചേർന്ന് മക്കളെ വളർത്തുകയും ചെയ്യുക എന്നതാണ് വചന പ്രകാരമുള്ള കുടുംബജീവിതം. അങ്ങനെയായാൽ അത് ആത്മികമായി വലിയ ലാഭമായിരിക്കും. ദമ്പതികളുടെ ഹൃദയങ്ങൾ അകലുവാനും ബന്ധം തണുത്തു പോകുവാനും ഇടയാകാതെയിരിക്കാനായി ഒന്നിച്ചു വസിക്കുക എന്നതാണ് ഉത്തമമായ കാര്യം.

**ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ "സന്തുഷ്ട ക്രിസ്തീയ കുടുംബം" എന്ന പുസ്തകത്തിൽ നിന്നും**

ദമ്പതികളെ ജീവിതപങ്കാളികളായാണ് വേദപുസ്തകം വിവക്ഷിച്ചിരിക്കുന്നത്. അവർ രണ്ടുപേരും ദൈവമുമ്പാകെ തുല്യരാണ്. അവരിൽ ഉന്നതഭാവവും തൻപോരിമയും ഉണ്ടാകാൻ വചനം അനുവദിക്കുന്നില്ല. എങ്കിലും ഭർത്താവ് ദൈവത്താൽ നിയമിക്കപ്പെട്ട കുടുംബനാഥനും ഭാര്യ തന്റെ നേതൃത്വത്തിനു കീഴിൽ പങ്കാളിയുമായി വർത്തിക്കാനുമാണ് ദൈവവചനം അനുശാസിക്കുന്നത്. ഭർത്താവ് ആത്മീയമായും ജീവിതസാഹചര്യങ്ങളിലും ഭാര്യയെയും മക്കളെയും നയിക്കുകയും കുടുംബാംഗങ്ങൾ കുടുംബനാഥന് സന്തോഷത്തോടെ കീഴടങ്ങി, സ്നേഹ ബഹുമാനാദികളിലും അനുസരണത്തിലും ഒന്നിച്ച് ഐക്യമത്യത്തോടെ ജീവിക്കയും ചെയ്യുക എന്നുള്ളതാണ് ക്രിസ്തീയ കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി. ഈ പ്രമാണത്തിന് വിഘാതമുണ്ടാക്കുന്ന മനോഭാവവും പെരുമാറ്റവും ആരുടെയും പക്ഷത്തു നിന്നും ഉണ്ടാകുവാൻ ദൈവവചനം അനുവദിക്കുന്നില്ല. ഓരോരുത്തൻ താന്താന് ബോധിച്ചതുപോലെ കുടുംബത്തിൽ വർത്തിക്കുവാൻ പാടില്ല എന്നും സകലവും ആത്മീയമായി വിവേചിച്ച് പ്രയോജനകരവും നല്ലതും മുറുകെ പിടിച്ച് കർത്താവിനെന്നവണ്ണം കുടുംബജീവിതം നയിക്കുവാനുമാണ് ദൈവ

മക്കൾക്ക് കല്പനയുള്ളത് (കൊലൊസ്സ്യർ 3:1-21; എഫെസ്യർ 5:22-6:4). കുടുംബജീവിത വെല്ലുവിളികൾ നേരിടാൻ ഇതല്ലാതെ വേറെ മാർഗ്ഗങ്ങളൊന്നും ദൈവവചനത്തിൽ ലഭ്യമല്ല.

അനേക ക്രിസ്തീയ ദമ്പതികളും നേരിടുന്ന വേറൊരു വലിയ ദാമ്പത്യ പ്രശ്നം ദമ്പതികളുടെ ജീവിതത്തിൽ മാതാപിതാക്കളുടെ നിഷേധാത്മകമായ ഇടപെടലുകളും സ്വാധീനവുമാണ്. മാതാപിതാക്കൾ തങ്ങളുടെ ദാമ്പത്യജീവിതത്തിൽ മക്കൾക്ക് ഏറ്റവും നല്ല മാതൃകയുള്ളവരായി വർത്തിക്കേണം. മക്കളുടെ കുടുംബജീവിത വിജയത്തിനുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കുകയും വചനപ്രകാരമുള്ള ആലോചനകൾ പറഞ്ഞുകൊടുക്കുകയും ചെയ്‌വാൻ മാതാപിതാക്കൾക്ക് ഉത്തരവാദിത്തമുണ്ട്. മക്കളുടെ ദാമ്പത്യജീവിതത്തിൽ കയ്പുള്ള വേരുകൾ മുളയ്ക്കുന്നതു കാണുമ്പോൾ തന്നെ വിള്ളലുകൾ അകറ്റുവാനും പ്രശ്നങ്ങൾ പരിഹരിക്കപ്പെടാനുമായി അവരുടെ മാതാപിതാക്കൾ പ്രാർത്ഥനയോടെ ശ്രമിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ അത് പക്ഷപാതപരമായോ പ്രശ്നങ്ങൾക്ക് മൂർച്ച കൂട്ടുന്ന വിധത്തിലോ അകൽച്ച വർദ്ധിപ്പിക്കുമാറോ ആകാതിരിപ്പാൻ മാതാപിതാക്കൾ വളരെയേറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദമ്പതികളുടെ മാതാപിതാക്കളുടെ കൈകടത്തലുകൾ മൂലം തകർന്നു തരിപ്പണമായിട്ടുള്ള അനേക കുടുംബങ്ങളെക്കുറിച്ച് അറിയാൻ ഇടയായിട്ടുണ്ട്. മാതാപിതാക്കളുടെ വാശിയും വൈരാഗ്യവും ശാഠ്യവും വാഗ്വിലാസവും മൂലം കോടതിയിലും പോലീസ് സ്റ്റേഷനിലും കയറേണ്ടി വന്നിട്ടുള്ള പല ദമ്പതികളുമുണ്ട്. മാതാപിതാക്കളും അവരുടെ വക്കീലന്മാരും പറയുന്നിടത്തെല്ലാം ഒപ്പിട്ടുകൊടുത്തു എന്ന കുറ്റത്താൽ തകർന്നു പോയിട്ടുള്ള ജീവിതങ്ങൾ അനവധിയുണ്ട്. മക്കൾ വിവാഹിതരാകുന്നതിനുമുമ്പും പിമ്പും സാരോപദേശങ്ങളും വചനാഭ്യസനവും നല്കി പ്രാർത്ഥനയോടെ അവരുടെ കുടുംബജീവിതങ്ങളെ സംപുഷ്ടമാക്കുക മാത്രമായിരിക്കട്ടെ മാതാപിതാക്കളുടെ ലക്ഷ്യം. മക്കളുടെ കുടുംബങ്ങളെ ഒരിക്കലും പിരിക്കാനും വേർപെടുത്തുവാനും മാതാപിതാക്കൾക്ക് ഇടയാകാതിരിക്കട്ടെ.

ദൈവമക്കളുടെ "അമ്മായിയമ്മ-മരുമകൾ-നാത്തൂൻ" ബന്ധങ്ങൾ വചനപ്രകാരവും ആത്മനിറവുള്ളതും ആയിത്തീർന്നാൽ ഒട്ടനവധി കുടുംബപ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും. പ്രിയപ്പെട്ടവരുടെ കുറ്റങ്ങളും കുറവുകളും കണ്ണിൽപെടുന്നതിനുപകരം നല്ല കാര്യങ്ങൾ കാണുന്നതിന് ദൈവം കൃപ തരാനായി എല്ലാ മരുമക്കളും അമ്മായിയമ്മമാരും വളരെയേറെ പ്രാർത്ഥിക്കണം. നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല എന്നു നാം ഭയപ്പാടോടെ ഓർത്തിരിക്കേണ്ടതാണ് (എഫെസ്യർ 6:12). സഹോദരിമാരേ! നിങ്ങളുടെ അമ്മായിയമ്മയോ മരുമകളോ നാത്തൂനോ നിങ്ങളുടെ ശത്രുവല്ല, ദൈവം തന്ന വിലയേറിയ ദാനം ആകുന്നു എന്നും ഈ ദാനം അനുഭവിച്ച് ജീവിതം സംപുഷ്ടമാക്കാൻ ദൈവം നിങ്ങൾക്ക് ഭാഗ്യവും അവസരവും നല്കിയിരിക്കുന്നു എന്നും ഓർത്തുകൊള്ളണം. ഇതനുസരിച്ച് അവരോടുള്ള നിങ്ങളുടെ മനോഭാവത്തെയും പെരുമാറ്റത്തെയും ശരീരഭാഷയെയും ആത്മികമായി വിവേചിക്കുവാനും ക്രമീകരിക്കുവാനുമായി ക്രൂശിക്കപ്പെട്ട അനുഭവത്തിൽ ജീവിക്കാൻ ഇടയാകുംവിധം വളരെ പ്രാർത്ഥിക്കുകയും ആഴമായി സമർപ്പിക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ നവൊമിയും രൂത്തും നമുക്ക് അനുഗ്രഹിക്കപ്പെട്ട മാതൃകയാകുന്നു. ഈ ബന്ധങ്ങളിൽ ആത്മീയമായും വചനപ്രകാരവുമുള്ള ക്രിയാത്മകമായ പങ്കുവഹിക്കുവാൻ ഭർത്താക്കന്മാർക്കും പിതാക്കന്മാർക്കും സഹോദരന്മാർക്കും ദൈവം ധാരാളം കൃപ തരുവാനായി അവരും വളരെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. നവൊമിയുടെ കരുതലിന്റെ ഫലമായി ഒരു രൂത്തും, രൂത്തിന്റെ സമർപ്പണഫലമായി ഒരു നവൊമിയും ഉണ്ടായി എന്നും നാം മനസ്സിലാക്കണം.

സാഹചര്യങ്ങൾ ഉണ്ടാക്കുന്ന മറ്റൊരു പ്രശ്നം എളുപ്പത്തിൽ പ്രകോപിക്കുന്ന ദമ്പതികളുടെ ജഡികസ്വഭാവമാണ്. ദമ്പതികൾ തമ്മിൽ അനാത്മികമായി പ്രകോപിപ്പിച്ച് അന്യോന്യം പാപം ചെയ്യാൻ ഇടയാകരുത്. രണ്ടുപേരും ചേർന്ന ഏകശരീരത്തെ അവർ തന്നെ പ്രകോപിപ്പിക്കുന്നത് സ്വയഹത്യയ്ക്ക് തുല്യമായ ഭയങ്കര പാപമാണ്. നിഷേധാത്മക

മായ അവരുടെ പ്രകോപനങ്ങൾ വാദപ്രതിവാദത്തിലും ക്രോധത്തിലും പോർവിളിയിലും ശാരീരിക-മാനസിക ഉപദ്രവങ്ങളിലും ദുഷ്ടചേഷ്ടകളിലും ഒക്കെയാണ് അവസാനിക്കാറുള്ളത്. ഇതെല്ലാം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതും പങ്കാളിക്ക് മാനസികവേദന ഉളവാക്കുന്നതുമാണ്. പങ്കാളി താങ്കൾക്കു ലഭിച്ച ദൈവത്തിന്റെ ഏറ്റവും വലിയ ദാനമാണ് എന്നു മറക്കരുത്. നിങ്ങളുടെ പങ്കാളിക്ക് സ്വർഗ്ഗത്തിൽ ഒരു പിതാവുണ്ട് എന്നും ഈ പിതാവിന്റെ മകനെയോ മകളെയോ ശാരീരികമായോ വൈകാരികമായോ ഉപദ്രവിക്കുകയോ പീഡിപ്പിക്കുകയോ ചെയ്താൽ അവരുടെ പിതാവിൽ നിന്നും നിങ്ങൾക്ക് ശിക്ഷ കിട്ടുമെന്നും നിങ്ങൾ ഓർത്തിരിക്കണം. നമ്മുടെ വാക്കുകളും ചേഷ്ടകളും എല്ലാം ഉപ്പിനാൽ രുചി വരുത്തിയതുപോലെയും അനുഭവിക്കുന്നവർക്ക് ആത്മീയ വർദ്ധനയ്ക്ക് ഉതകുന്നതായും തീരത്തക്കവിധത്തിൽ ദൈവാത്മാവിനാൽ ക്രമീകരിക്കപ്പെടട്ടെ (കൊലൊസ്സ്യർ 4:6; യാക്കോബ് 3:2-8).

പല ദമ്പതികളുടെയും ബന്ധത്തിൽ വിള്ളലുകൾ ഉണ്ടാകുന്നതിന്റെ മറ്റൊരു ദുഃഖകരമായ കാരണം അവരുടെയിടയിൽ വിശ്വാസ്യത കുറഞ്ഞു വരുമ്പോഴാണ്. ഇതുമൂലം പരസ്പര സംശയവും തന്മൂലം ദുഃഖകരമായ ദുശ്ചിന്തകൾ ഉളവാകുവാനും തുടങ്ങുകയും ചെയ്യും. ചിലരുടെ മനസ്സ് സംശയരോഗത്തിന്റെ വിത്തുകൾ വേഗത്തിൽ വളരുന്ന ഒരു തോട്ടം പോലെയാണ്. ഈ രോഗം മൂർച്ഛിച്ചാൽ അതുമൂലം മനസ്സിൽ വിദ്വേഷത്തിന്റെ മുള്ളും പറക്കാരയും ഞെരിഞ്ഞിലും പോലെയുള്ള ചെടികൾ വളരുന്ന അവസ്ഥ ഉണ്ടാകുകയും അവ വേഗത്തിൽ വളർന്നു പന്തലിക്കുകയും ചെയ്യും. സംശയരോഗം വർദ്ധിക്കുന്നതിനനുസരിച്ച് സംശയം ശരിയാണെന്ന് സ്ഥാപിക്കാൻ തെളിവുകൾക്കു വേണ്ടി പരക്കം പായുകയും എല്ലാം ശരിയാണെന്നു വിശ്വസിച്ച് മാനസികരോഗങ്ങൾക്ക് വശംവദരാകുകയും ചെയ്യുന്ന ദമ്പതികൾ വിരളമല്ല. പങ്കാളികൾ സ്വന്തം പങ്കാളിക്ക് തന്നിൽ വിശ്വസ്തത കുറയാനോ തന്നെ സംശയിക്കാനോ ഇടവരാതെയിരിക്കാനായി സൂക്ഷിച്ച് ജീവിക്കേണ്ട ആവശ്യവുമുണ്ട്. ജീവിതത്തിൽ അനാവശ്യമായ രഹസ്യങ്ങൾ സൂക്ഷിക്കാതെ നിർമ്മലതയോടെ ജീവിക്കയാണ് വിശ്വാസ്യത കാത്തുസൂക്ഷിക്കാനുള്ള ഒരു മാർഗ്ഗം. പങ്കാളിയോടൊപ്പം സുതാര്യമായ ജീവിതവും പെരുമാറ്റവും സംസാരവും അടിസ്ഥാനമാക്കി ജീവിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. നിങ്ങളുടെ പങ്കാളിയുടെ സംശയരോഗം ചികിത്സിച്ച് മാറ്റുവാനും നിങ്ങളിൽ വിശ്വാസ്യത വർദ്ധിപ്പിച്ച് നിങ്ങളോടുകൂടെ നിർമ്മലതയോടും സുതാര്യതയോടും സന്തോഷത്തോടും കൂടെ ജീവിക്കുവാനും സഹായിക്കുന്ന ഏറ്റവും നല്ല ഡോക്ടർ നിങ്ങൾ തന്നെയാണ്. സംശയത്തെ അസഹിഷ്ണുതയോടും കോപത്തോടും കൂടെ നേരിടുന്നതിനു പകരം സ്നേഹത്തോടും മനസ്സലിവോടും കൂടെ സമീപിക്കുകയാണ് പരിഹാര മാർഗ്ഗം. പങ്കാളിയുടെ സംശയം മാറി വിശ്വാസ്യത വർദ്ധിപ്പിച്ച് നിങ്ങളോടൊത്ത് നിഷ്കളങ്കതയോടെ ജീവിക്കാനാവശ്യമായ ദൈവകൃപയ്ക്കായി പ്രാർത്ഥിക്കുവാൻ എല്ലാ ദമ്പതികളും (റോമർ 15:1-14; എഫെസ്യർ 5:21; കൊലൊ. 3:5-17) അന്യോന്യം കടപ്പെട്ടിരിക്കുന്നു.

തർക്കത്തിന്റെ ഒരു പ്രധാനകാരണം "താൻ ശരിയും പങ്കാളി തെറ്റും" എന്ന ചിന്താഗതിയും അതോടൊത്തുള്ള സ്വയനീതിയും ആകുന്നു. 'താൻ ശരി' എന്നത് വസ്തുത ആണെങ്കിൽ പോലും അത് തർക്കിച്ചും വാദിച്ചും അംഗീകരിപ്പാൻ ശ്രമിക്കുമ്പോഴാണ് ദമ്പതികൾ തമ്മിൽ അത് ഒരു പ്രശ്നമായി തീരുന്നത്. ഒരാളിന്റെ നിലപാട് മറ്റെയാൾ അംഗീകരിക്കാതെ വരുമ്പോൾ വാദങ്ങളുടെ ഇടയിൽ വികാരം കടന്നുവരുകയും നിയന്ത്രണാതീതമാകുകയും ചെയ്യും. ക്രമേണ ശബ്ദം ഉയരുകയും അതോടൊത്ത് കരുണയില്ലാത്തതും വിദ്വേഷം നിറഞ്ഞതുമായ വാക്കുകളും ശരീരഭാഷയും ഉപയോഗിക്കുകയും ചെയ്യുന്നത് സർവ്വസാധാരണയാണ്. അതോടൊത്ത് വ്യക്തിത്വത്തെ വാക്കുകളാൽ ആക്രമിക്കുകയും ചിലപ്പോൾ ശാരീരിക ആക്രമണത്തിലും സ്വഭാവ-കുടുംബഹത്യകളിലും ചെന്നെത്തുകയും ചെയ്യും. കോപം, ക്രോധം, ആരോപണ പ്രത്യാരോപണങ്ങൾ, വ്യാജപ്രസ്താവനകൾ ഇവ അന്യോന്യം ഉപയോഗിക്കുകയും ചെയ്തു

എന്നു വരും. ഇതെല്ലാം ജഡത്തിന്റെ സ്വഭാവങ്ങളും പ്രവൃത്തികളും ആകുന്നു എന്ന് ദൈവവചനം പറയുന്നു.

തർക്കിച്ചു ജയിക്കാൻ ശ്രമിക്കുന്ന ദമ്പതികൾ മനസ്സിലാക്കാൻ വിസമ്മതിക്കുന്ന വലിയ സത്യം അവരുടെ യഥാർത്ഥ ശത്രു പങ്കാളിയല്ല, പ്രത്യുത സാത്താൻ ആകുന്നു എന്നതാണ് (എഫെസ്യർ 6:12). ബുദ്ധിയില്ലാത്ത മൗഢ്യതർക്കം ശണ്ഠ ജനിപ്പിക്കുന്നതിനാൽ അതിൽ നിന്നും ഒഴിഞ്ഞിരിക്കാൻ വിശ്വാസികൾക്ക് കല്പനയുണ്ട് (2 തിമൊ. 2:23; തീത്തോസ് 3:9). ലോകവും ജഡവും സാത്താനും നമ്മെ തകർത്തു കളയാനായി ശ്രമിക്കുമ്പോൾ നാം ക്രിസ്തുവിന്റെ മനോഭാവത്തോടെ പിറുപിറുപ്പും വാദവും കൂടാതെ ജീവിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം മറക്കരുത് (ഫിലിപ്പിയർ 2:14-15). കർത്താവിന്റെ ശിഷ്യന്മാരെപ്പോലെ ദമ്പതികളും 'തങ്ങളിൽ ആർ വലിയത്' എന്ന ചിന്തയാൽ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാൻ ഇടവരരുത് (ലൂക്കൊസ് 9:47). സ്നേഹത്തിൽ അന്യോന്യം സേവിക്കുന്ന ദമ്പതികൾക്ക് ഒരാൾ മറ്റെയാളിനെ തന്നെക്കാൾ വലിയവൻ എന്നു ചിന്തിക്കുവാൻ ബുദ്ധിമുട്ടുണ്ടാകയില്ലല്ലോ. ദമ്പതികൾ രണ്ടുപേരും തങ്ങളുടെ ഭാഗം ശരി എന്നു സമർത്ഥിക്കാൻ ശ്രമിക്കുമ്പോഴാണ് തർക്കം ഉണ്ടാകുന്നതും അത്യുച്ചകോടിയിൽ എത്തുന്നതും. മാത്രമല്ല, ദൂതനോടു പോലും തർക്കിച്ചു ജയിക്കാൻ ശ്രമിക്കുന്ന സാത്താൻ നമ്മുടെ മാതൃകയാകാൻ നാം അനുവദിക്കാനും പാടുള്ളതല്ലല്ലോ (യൂദാ. 9).

ഒഴിവാക്കാൻ സാധിക്കുമായിരുന്ന തർക്കങ്ങളും വാദപ്രതിവാദങ്ങളും അതിനോടനുബന്ധിച്ചുള്ള "ഞാനെന്ന ഭാവവും" തകർത്തു കളഞ്ഞിട്ടുള്ള കുടുംബങ്ങൾ ഒട്ടനവധിയാണ്. ക്രിസ്തുവിന്റെ ഭാവം ധരിക്കുക എന്ന മറുമരുന്നല്ലാതെ വൃഥാ തർക്കങ്ങൾ പരിഹരിക്കാൻ വേറെ മാർഗ്ഗമില്ല. കേൾപ്പാൻ വേഗതയും പറവാൻ താമസവും ദമ്പതികളുടെ സ്വഭാവത്തിൽ വേരൂന്നേണ്ടിയിരിക്കുന്നു (യാക്കോബ് 1:19). ദമ്പതികൾ തമ്മിൽ ദയയും മനസ്സലിവും ക്ഷമയും ഉണ്ടെങ്കിൽ തർക്കങ്ങൾ അലിഞ്ഞില്ലാതെയായിത്തീരും (എഫെ. 4:32). ദമ്പതികളുടെ ആദ്യസ്നേഹം തണുക്കുമ്പോഴാണ് തർക്കങ്ങൾ കൂടുതലായി തലപൊക്കുന്നത് (1 കൊരിന്ത്യർ 13:4-7). സ്നേഹത്തിന്റെ ഈ ഗുണഗണങ്ങൾ എല്ലാംതന്നെ ആത്മാവിന്റെ ഫലത്തിൽപെടുന്നതാണല്ലോ. ആകയാൽ ആത്മാവിനാൽ നിറയുവാനും ആത്മഫലം കായ്ക്കുവാനും മനസ്സു പുതുക്കി രൂപാന്തരപ്പെടുവാനും ഉള്ള ഉത്ക്കടമായ വാഞ്ഛ ദമ്പതികൾക്കുണ്ടായാൽ തർക്കങ്ങൾക്കു വിരാമം കുറിക്കുവാൻ അവർക്കു സാധിക്കും (എഫെസ്യർ 5:19; റോമർ 12:2).

പങ്കാളിയുടെ തർക്ക-വാഗ്വാദ സ്വഭാവത്താൽ നിശബ്ദരായി എല്ലാം സഹിച്ച് അടിമകളെപ്പോലെ ജീവിക്കുന്ന അനേക ഭർത്താക്കന്മാരെയും ഭാര്യമാരെയും നമുക്കു ചുറ്റും കാണാം. ഇതെല്ലാം കണ്ടുപഠിച്ച് വാദപ്രതിവാദികളായി തങ്ങളുടെ കുടുംബജീവിതങ്ങളെ നശിപ്പിക്കുന്ന യുവകുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്നത് ഭയാനകമായ ഒരു ചിന്തയാണ്.

ഓർക്കുക! ഗർവ്വവും ഉന്നതഭാവവും വാദപ്രതിവാദങ്ങളിലേക്ക് നയിക്കുമ്പോൾ പരിജ്ഞാനവും പക്വതയും സമാധാനത്തിലേക്കും ദീർഘക്ഷമയിലേക്കും ദമ്പതികളെ നയിക്കും. വാദിച്ച് ജയിക്കാൻ നാം ചെലവാക്കുന്ന ഊർജ്ജം പ്രാർത്ഥനയ്ക്കും അന്യോന്യം ക്രിയാത്മകമായി കെട്ടിപ്പടുക്കുവാനുമായി ഉപയോഗിച്ചാൽ സന്തോഷവും സ്നേഹവും കുടുംബജീവിതത്തിൽ വർദ്ധിക്കുകയും കുടുംബം ആത്മീയമായി വളരുകയും ചെയ്യും. ഏതു പ്രശ്നം ആണെങ്കിലും സമാധാനത്തോടും ക്ഷമയോടും സാവധാനത്തോടുംകൂടെയും പ്രാർത്ഥനയോടെയും ചർച്ച ചെയ്താൽ ദമ്പതികൾക്ക് രണ്ടുപേർക്കും തർക്കങ്ങൾ ഒഴിവാക്കി സമന്വയത്തോടെയുള്ള തീരുമാനങ്ങളിലെത്തിച്ചേരാൻ സാധിക്കും. അത് മക്കൾക്കും മറ്റു വിശ്വാസികൾക്കും മഹനീയമാതൃക ആയിരിക്കും. അങ്ങനെ യേശുക്രിസ്തുവും ദൈവവചനവും നമ്മിൽ വിജയിക്കുകയും നമ്മുടെ അഹം പരാജയപ്പെടുകയും ചെയ്യട്ടെ. ✪

# കൊള്ളയടിക്കപ്പെട്ടവരുടെ ചേതോവികാരം

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**



**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

**കൊ**ള്ളയടിക്കപ്പെട്ട വ്യക്തിയുടെ ചേതോവികാരം എന്തായിരിക്കും? പല സാമ്പത്തിക കണക്കുകൂട്ടലുകളും പ്രതീക്ഷകളുമായി യാത്ര ചെയ്യുന്ന ഒരാൾ ലക്ഷ്യസ്ഥാനത്ത് എത്തി നോക്കുമ്പോൾ പോക്കറ്റു കാലി. ആരോ തട്ടിക്കൊണ്ടു കടന്നുകളഞ്ഞിരിക്കുന്നു. നാട്ടിലുണ്ടായിരുന്നവയെല്ലാം വിറ്റു കെട്ടി മലബാറിൽ അല്പം കൂടുതൽ മണ്ണന്വേഷിച്ചു പോകുന്ന കുടുംബത്തെ രാത്രി കള്ളന്മാർ തീവണ്ടിയിൽ വച്ച് കൊള്ളയടിക്കുന്നു. രാവിലെ ലക്ഷ്യസ്ഥാനത്തെത്തുമ്പോഴാണ് സംഗതി മനസ്സിലാകുന്നത്. മകളുടെ കല്യാണത്തിന് ചിട്ടിയും പിടിച്ച് ഉണ്ടായിരുന്നതെല്ലാം സ്വരുക്കൂട്ടി വാങ്ങാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങി പണവും പണ്ടവും കരുതിവച്ചിരിക്കുന്ന വീട്ടിൽ തലേരാത്രി മോഷണമുണ്ടായാൽ രാവിലെ ആ പിതാവിന്റെ മാനസിക നില എന്തായിരിക്കും? പലർക്കായി കൊടുത്തു തീർക്കേണ്ട പണം സേഫിൽ വച്ചിട്ട് പൂട്ടി വീട്ടിൽപ്പോയ കച്ചവടക്കാരൻ രാവിലെ വന്ന് കട തുറക്കുമ്പോൾ സേഫ് പൊട്ടിച്ചിട്ടിരിക്കുന്നു. പണം വെച്ചിരുന്ന സഞ്ചി മാത്രം അനാഥമായി മുറിയിൽ കിടക്കുന്നു.

ഇങ്ങനെയുള്ളവരുടെ ചിന്താഗതിയും കൊള്ളയടിച്ചവരോടുള്ള മനോഭാവവും എന്തായിരിക്കുമെന്നുള്ളത് നമുക്കൂഹിക്കാവുന്നതിലും അപ്പുറമാണ്. 'വിധി' എന്നു ചിലർ, 'സൂക്ഷിച്ചിരുന്നെങ്കിൽ ദുഃഖിക്കേണ്ടതില്ലായിരുന്നു' വേറേ ചിലർ, 'അവനെ ഇടിവെട്ടണേ', 'അവനെ പാമ്പു കടിക്കണേ', 'പുരയ്ക്കു തീ പിടിക്കണമേ' എന്നിങ്ങനെ മറ്റു ചിലർ. 'അവന്റെ സന്തതി മുടിഞ്ഞുപോട്ടെ' എന്നു വേറൊരു കൂട്ടർ. 'കൈയ്യിൽ കിട്ടിയിരുന്നുവെങ്കിൽ കഷണം കഷണമായി അരിഞ്ഞു കളയുമായിരുന്നു' എന്ന് മറ്റൊരുകൂട്ടർ. ഇവർക്ക് എന്തു സംഭവിക്കുന്നു? ചിലരുടെ ഭാവി പരിപാടികളെല്ലാം അസ്തമിക്കുന്നു. ചിലർ തോളിൽ മാറാപ്പുള്ളവരായി മാറുന്നു. മറ്റു ചിലർ ഹൃദ്രോഗികളും വേറൊരു കൂട്ടർ മാനസികരോഗികളും ആകുന്നു. ചില കുടുംബങ്ങൾ തകർന്നു തരിപ്പണമാകുന്നു. അപൂർവ്വം ചിലർ ഇതിനെ ഒരു വെല്ലുവിളിയായി സ്വീകരിച്ച് കഠിനാദ്ധ്വാനവും ശ്രദ്ധയും ചെലുത്തി നഷ്ടപ്പെട്ടതിലധികം വീണ്ടെടുക്കുന്നു. ചിലർ കേസുംകൊണ്ടുപോയി കുറെ നഷ്ടം കൂടി വരുത്തിവയ്ക്കുന്നു. ചിലർക്ക് കേസ് ഗുണകരമായിത്തീരുന്നു. നഷ്ടം വന്ന ആളിനോട് ക്ഷമിക്കുക എന്ന് പറയുന്നത് എളുപ്പമല്ല. അതിനേക്കാൾ പ്രയാസമാണ് ക്ഷമിക്കുക എന്നത്. നഷ്ടം വന്ന ആളിനോട് നമുക്ക് സഹതാപം ഉണ്ട്. അങ്ങനെ വേണം താനും.

മോഷ്ടിച്ചുകൊണ്ടുപോയവൻ മാനസാന്തരപ്പെട്ടാലും തിരികെ കൊണ്ടുവരുമോ? പിടിക്കപ്പെട്ടാൽ പോലീസിന്റെ തല്ല്. (അതും ഇപ്പോൾ പേടിക്കേണ്ട) 2 വർഷത്തെ ശിക്ഷ. കിട്ടിയ കാശ് മിച്ചം. പിടിക്കപ്പെട്ടില്ലെങ്കിലോ? നിരപരാധി സംശയത്തിന്റെ പേരിൽ പിടിക്കപ്പെട്ടാൽ അവന് സർക്കാരിനോട് മുതൽ നഷ്ടമായവന് മൗലിക അവകാശങ്ങളെ സംരക്ഷിക്കുന്ന ചുമ

തലയുള്ള സർക്കാരിനോട് പ്രത്യക്ഷമായും, കൊള്ളയടിച്ചവനോട് പരോക്ഷമായും വൈരാഗ്യമുണ്ടാകുന്നു. ഈ വൈരാഗ്യസ്ഥിതി വളർന്നുവന്ന് വ്യത്യസ്ത ജീവിത മേഖലകളിൽ വിവിധ നിലകളിൽ പ്രദർശിപ്പിക്കപ്പെടുന്നു, പ്രകടിപ്പിക്കപ്പെടുന്നു. പണിമുടക്ക്, സമരം, പൊതുമുതൽ നശിപ്പിക്കൽ, അധികാരസ്ഥാനങ്ങളോടുള്ള അനുസരണക്കേട് തുടങ്ങിയവയെല്ലാം ചില പ്രകടനങ്ങൾ മാത്രമാണ്. ചികിത്സിച്ച് ഭേദമാക്കുവാൻ പ്രയാസമുള്ള ഒരു രോഗമാണിത്. ഭേദമായാൽ സമൂഹത്തിന്റെ ആരോഗ്യത്തെ സഹായിക്കും. ചികിത്സിക്കാതിരുന്നാൽ സമൂഹത്തിന്റെ നട്ടെല്ലിന് കാൻസറാണത്.

മദ്ധ്യകേരളത്തിൽ കരിമ്പുവെട്ടുന്ന കാലമാണ്. ഞാനും എന്റെ ഒരു സ്നേഹിതനായ ഒരു പോലീസുദ്യോഗസ്ഥനും കൂടി ഒരു തറവാട്ടിലേക്ക് കയറിച്ചെന്നു. കെട്ടിയിട്ടിരുന്ന അൽസേഷ്യൻ ഞങ്ങളെ കണ്ടഭാവമേ കാണിച്ചില്ല. വാതില്ക്കൽ നിന്നു ഞാൻ കോളിംഗ്ബെല്ലമർത്തി. മദ്ധ്യവയസ്കയായ സ്ത്രീ വന്ന് വാതിൽ തുറന്നു. ഞങ്ങളെ ഇരുത്തി. പേർഷ്യയിലാണ് മക്കൾ എന്ന് മനസ്സിലാക്കുവാനുള്ള സജ്ജീകരണങ്ങളെല്ലാം അവിടെയുണ്ടായിരുന്നു. പ്രത്യേക ദൂതൻ വശം വിവരം അറിയിച്ചതിനാൽ ഗൃഹനാഥൻ 5 മിനിറ്റിനകം കരിമ്പിൻ കാലായിൽ നിന്നുവന്നു. ഞങ്ങളെ പരിചയപ്പെട്ടു. ഞാൻ സന്ദർശനത്തിന്റെ ലക്ഷ്യം വിശദമാക്കി.

"മൂന്നുമാസം മുമ്പ് രാത്രി നിങ്ങളുടെ തേങ്ങ മോഷ്ടിച്ച ഗോപിയെന്ന ചെറുപ്പക്കാരൻ ജയിലിൽ കഴിയുകയാണെന്നറിയാമല്ലോ. അവന്റെ ശിക്ഷ കഴിഞ്ഞിറങ്ങി. അവനെ വീട്ടിൽ ഞാനാക്കിയിട്ടുണ്ട്. അവനുവേണ്ടി ചില കാര്യങ്ങൾ പറയുവാനാണ് ഞാൻ വന്നത്. അവനു വന്ന് നിങ്ങളോട് മാപ്പു ചോദിക്കണമെന്നുണ്ട്. നഷ്ടപരിഹാരം പണമായി തരുവാനില്ല, കൂലിവേല ചെയ്ത് വീട്ടുവാൻ ഒരുക്കമാണ്. നേരിട്ടുവന്ന് നിങ്ങളെ കാണുവാൻ ഭയമുണ്ട്, ലജ്ജയുണ്ട്".

"നേരമില്ലാതെ കിടന്ന് പണിയുന്ന നേരത്ത് ഒരു കോളും കൊണ്ടുവന്നിരിക്കുന്നു എന്ന് പറഞ്ഞ് വായിൽനിന്ന് പുകയിലയുടെ ഉച്ഛിഷ്ടം നീട്ടി ഒന്ന് തുപ്പിയിട്ട് ഉപ്പച്ചൻ ചേട്ടൻ എഴുന്നേറ്റു. 'കുന്നിൻപുറത്ത് ചോര നീരാക്കി പണിതാണ് തേങ്ങ വിളയുന്നത്. ചുമ്മാതെ വന്ന് പറിച്ചോണ്ടു പോയവനോട് ക്ഷമിച്ചോളാൻ! വേറെ തൊഴിലൊന്നുമില്ല രണ്ടുപേർക്കും. കണ്ടിട്ടു നാലക്ഷരം പഠിച്ചതാണെന്നു തോന്നുന്നല്ലോ". ഉപ്പച്ചനിലെ വൈരാഗ്യം ആളിക്കത്തുകയായിരുന്നു.

എന്റെ അടുത്തിരുന്ന വേലായുധൻ എന്ന പോലീസുകാരൻ സംഭാഷണം ഏറ്റെടുത്തു. ഞാനൊരു പോലീസുകാരനാണ്. ഒരിക്കൽ തെറ്റുചെയ്തവന് മാപ്പുകൊടുത്ത് സമൂഹത്തിൽ നേരെ ജീവിക്കുന്നവനാക്കുവാൻ സമൂഹം കൂടി ശ്രമിച്ചാലേ നടക്കൂ. ഗോപിയുടെ ജീവിതത്തിൽ ഒരു തിരിച്ചുവരവിന്, അംഗീകാരത്തിന് രംഗം ഒരുക്കിയില്ലെങ്കിൽ അവനൊരു വലിയ മോഷ്ടാവാകും. അത് നിങ്ങളുടെ ഭദ്രതയെയും ബാധിക്കും. സമൂഹത്തെ മൊത്തത്തിൽ ബാധിക്കും. അവന്റെ മനസ്സ് പശ്ചാത്തപിക്കുമ്പോൾ ക്ഷമിപ്പാൻ കഴിഞ്ഞാൽ അതല്ലേ നല്ലത്. എന്റെ ജോലി ഇതല്ല. എന്നാൽ നിങ്ങളുടെയും അവന്റെയും സമൂഹത്തിന്റെയും ക്ഷേമത്തിന് തടസ്സം നിങ്ങളുടെ വൈരാഗ്യ മനഃസ്ഥിതി ആകാതിരിക്കട്ടെ. നിങ്ങൾക്കവനെ സ്നേഹിക്കുവാൻ കഴിയുമെങ്കിൽ നന്നായിരുന്നു.

"സാറെ" പുതിയ ഒരു മുറുക്കാൻ വായിലേക്ക് തള്ളിവച്ചിട്ട് ഉപ്പച്ചൻചേട്ടൻകഥ പറഞ്ഞു. ഞങ്ങൾക്കു കിട്ടിയ കരിമ്പിൻനീര് ഞങ്ങൾ കുടിച്ചുകഴിഞ്ഞു. "എന്റെ ഇളയമകൻ ഔതയുടെ കൂടെയാണ് ഗോപി പത്തുവരെ പഠിച്ചത്. ചെറുപ്പത്തിലെ തന്നെ അച്ഛൻ മരിച്ച ഗോപിയുടെ പത്തുവരെയുള്ള പഠിത്തത്തിന് മുഴുവൻ ചെലവുചെയ്തത് ഞാനാണ്. ഔതയുടെ കൂട്ടുകാരനാണവൻ. ഔത പേർഷ്യയിൽ പോയിട്ട് രണ്ടുവർഷം തികയാറായി. അവൻ വരുമ്പോൾ ഇവനെയും കൊണ്ടുപോകാനിരിക്കുകയായിരുന്നു. എനിക്ക് ഗോപിയെ വലിയ സ്നേഹമാണ്. അവൻ വളർന്ന് അവന്റെ വീടിന് ഒരു തണലാകുമെന്ന പക്ഷക്കാരനാണ് ഈ ഉപ്പച്ചൻ. അവൻ എന്നോട് ഇങ്ങനെ ചെയ്ത

ല്ലോ. എങ്ങനെ ക്ഷമിക്കുവാൻ കഴിയും? തേങ്ങാ 100 എണ്ണമാ പൊതിച്ചിട്ടിരുന്നത് കൊണ്ടു പോയത്".

ഞാൻ വളരെ ശാന്തമായി സംസാരിച്ചു. "ഉപ്പച്ചൻ ചേട്ടാ, ഈ ലോകത്തിൽ ഗോപിയോട് ക്ഷമിക്കുവാൻ ആർക്കെങ്കിലും അവകാശമു ണ്ടെങ്കിൽ അത് നിങ്ങൾക്കുമാത്രമാണ്. മറ്റാ രെല്ലാം ക്ഷമിച്ചാലും ഈ അപരാധം തീരുക യില്ല. അവനെ സ്നേഹിച്ചിരുന്നു എന്നല്ലേ പറ ഞ്ഞത്. അങ്ങനെയാണെങ്കിൽ സ്നേഹത്തിന്റെ കൂടെ ക്ഷമയും ലഭിക്കുവാൻ അവന് ഒരു അവ കാശമില്ലേ? നിങ്ങൾ മാത്രം വിചാരിച്ചാൽ അവൻ അവന്റെ വീടിനൊരു തണലാകും. ക്ഷമിക്കണമെന്നല്ലേ നമ്മുടെ തമ്പുരാൻ കർത്താവ് പറഞ്ഞിരിക്കുന്നത്. തന്നെയുമല്ല അവനിവിടെ വന്ന് കാലുപിടിച്ച് ക്ഷമ ചോദി ക്കും. നിങ്ങളുടെ നഷ്ടം വലുതായിരുന്നു എന്ന് എനിക്കറിയാം. ഗോപി അത് മനസ്സിലാക്കുന്നു ണ്ട്. അതുകൊണ്ടല്ലേ കൂലിവേല ചെയ്ത് വീട്ടാ മെന്ന് പറയുന്നത്. ഗോപിക്ക് ഒരു പ്രാവശ്യം ചാൻസുകൊടുത്താൽ മതി.

ഉപ്പച്ചൻ ചേട്ടനിലെ വൈരാഗ്യവും കോപവും തണുത്തു. സ്നേഹവും ക്ഷമയും മനുഷ്യത്വവുമായി മാറി. ഒരു മൗനം മുഖത്ത് വ്യക്തമായി. വേഗത്തിൽ വേലായുധൻ എന്ന പോലീസുകാരൻ സൈക്കിളിൽ 10 മിനിട്ടകല മുള്ള ഗോപിയുടെ വീട്ടിലേക്കുപോയി ഗോപി യുമായി മടങ്ങിയെത്തി. ഞാൻ വളരെ വികാ രാവേശത്തോടെ നോക്കി നില്ക്കുകയായിരുന്നു. "ഉപ്പച്ചൻ മാപ്പിള എന്നോടു ക്ഷമിക്കണമേ. ഞാനിനി ഒരിക്കലും മോഷ്ടിക്കയില്ല. തേങ്ങാ യുടെ വില ഞാൻ ഈ കൃഷിയിൽ കൂലിവേല ചെയ്ത് തീർത്തു കൊള്ളാം". കാലു പിടിച്ച് ഗോപി ഇത്രയും പറയുകയും പൊട്ടിക്കരയു കയുംചെയ്തു. ഉപ്പച്ചൻ അവനെ കൈക്കുപി ടിച്ച് എഴുന്നേല്പിച്ച് തലയിൽ കൈവച്ചനുഗ്ര ഹിച്ചു. "കുഞ്ഞേ ഗോപീ, നിനക്ക് നന്മവരും. ദൈവം നിന്നെ അനുഗ്രഹിക്കും. ഞാൻ ക്ഷമി ച്ചിരിക്കുന്നു. വേല ചെയ്ത് കടമൊന്നും വീട്ട ണ്ട. ക്ഷമിച്ചത് ക്ഷമിച്ചു. തീർന്നത് തീർന്നു. ഔതയുടെ കത്തുണ്ടായിരുന്നു. അവൻ അടുത്ത 15-ാം തീയതി വരും. നിന്നെയും കൊണ്ടു പോകുമെന്നാ എഴുതിയിരിക്കുന്നത്. ഒരുങ്ങിക്കോ നല്ല ജീവിതം വരട്ടെ".

ഗോപി തിരിഞ്ഞ് ഞങ്ങളോട് നല്ല വാക്കു പറഞ്ഞു. ഞങ്ങൾ പിരിഞ്ഞു. 3 മാസം കഴിഞ്ഞ് ഔതയും ഗോപിയും പേർഷ്യയ്ക്ക് പോകുവാൻ കൊച്ചിയിൽ നിന്നും വിമാനം കയറുകയായിരു ന്നു. ഞാനും യാത്രയയ്ക്കുവാൻ ചെല്ലണമെന്ന് ഗോപി എഴുതിയിരുന്നു. അവിടെവച്ച് ഗോപി എന്നോടു പറഞ്ഞ വാക്കുകൾ ഇവയാണ്.

"സാറേ, എന്നെപ്പോലെയുള്ള അനേകർ ജയിലിൽ നിന്നും ജീവിതം മതിയാക്കി വരുവാൻ സാറ് കൂടുതൽ ശ്രമിക്കണം. സാറിനെ ദൈവം അനുഗ്രഹിക്കും. ഞാൻ പ്രാർത്ഥിക്കാം".

ഞാൻ പ്രതീക്ഷിച്ച പല വ്യക്തികളിൽ നിന്നും കേൾക്കാത്ത വാക്കുകളായിരുന്നു അവ. വിമാനം കണ്ണിൽ നിന്നും മറയുന്നതു വരെ ഞാൻ നോക്കി നിന്നു. എന്റെ ഉള്ളിൽ നിന്നും പൊങ്ങിവന്നത് ഇതാണ്. "ഗോപീ, കാൽവരിയിലെ ക്രൂശു മുഖാന്തരം നാം സഹോദരന്മാരാണ്. കൊട്ടാരക്കര ജയിലിൽ വച്ചാണല്ലോ നീ മാനസാന്തരപ്പെട്ടത്? ✪





**"Lasting Peace", "എന്റെ ഇരിപ്പിടത്തിൽ" എന്നീ Tract വിതരണം ചെയ്യുന്നതിന് ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക**

**ബന്ധപ്പെടേണ്ട നമ്പർ: 9087144349**

# മഹാമാരിക്ക് പരിഹാരമുണ്ട്

**തോമസ്സ് മത്തായി, ആനിക്കാട്**



ലോകമെങ്ങും ഭീതിയുടെ കരിനിഴൽ മൂടിക്കൊണ്ട് കോവിഡ് 19 പടർന്നു പിടിക്കുന്നു. മഹാമാരി കാരണം ലോകരാജ്യങ്ങൾ അവരുടെ പ്രവേശന കവാടം കൊട്ടിയടച്ചു. ആയിരങ്ങൾ ഈ ലോകത്ത് നിന്നും മാറ്റപ്പെട്ടു. മനുഷ്യരുടെ ശാസ്ത്രം, സൈന്യം, സമ്പത്ത് ഇവയെല്ലാം ജീവരക്ഷയ്ക്ക് പ്രയോജനപ്പെടുന്നില്ല എന്ന് ബുദ്ധിമാന്മാരും സമ്മതിക്കുന്നു. ഇതിന്റെ പ്രത്യാഘാതമെന്നവണ്ണം അനേകർ കടുത്ത നിരാശയിൽ ആയി. ജീവിതം നടക്കുന്ന ഒരു നിഴൽ മാത്രമാണ്. ആർക്കും ആരേയും ആശ്വസിപ്പിക്കുവാൻ കഴിയാത്ത സാഹചര്യം. പ്രിയപ്പെട്ടവരുടെ വേർപാടിൽ അന്ത്യയാത്ര പറയുവാൻ പോലും കഴിയാത്ത അവസ്ഥയിൽ പൊട്ടിക്കരയുന്ന രംഗം. എല്ലാ വേദികളിലും ആളൊഴിഞ്ഞ സ്ഥിതിയും നിയന്ത്രണങ്ങളുമായി വീർപ്പുമുട്ടി ദിനരാത്രങ്ങൾ തള്ളി നീക്കുന്നു ജനകോടികൾ....

നമുക്ക് മനോഹരമെന്ന് തോന്നുന്നത് പലതും മാറിപ്പോകും. നമുക്ക് ചുറ്റുപാടുമുള്ള ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങളൊക്കെ നന്മയ്ക്കാണോ? ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ആകുന്നില്ല എന്നതാണ് പരമാർത്ഥം. ലോകം പഴയ നിലയിലേക്ക് മടങ്ങിവരില്ല എന്ന് വിദഗ്ധന്മാരും വിലയിരുത്തിക്കഴിഞ്ഞുവല്ലോ. മടക്കി വരുത്തുവാൻ കഴിവുള്ളവർ ആരും പാരിന്റെ പരപ്പിൽ ഇല്ല എന്നു സാരം. മനുഷ്യ ബന്ധങ്ങൾക്കുള്ളിൽ കുടിപാർക്കുന്നത് ലാഭ-നഷ്ടങ്ങളുടെ നിഴൽ വെളിച്ചങ്ങളല്ലേ? കുടുംബബന്ധങ്ങൾക്കുള്ളിൽ അസ്വസ്ഥതകളും അരാജകത്വവും അരങ്ങു വാഴുകയല്ലേ? നിസ്സാര കാര്യങ്ങളെച്ചൊല്ലി ബന്ധങ്ങൾ വേർപിരിയുന്നു. കുരുന്നു മക്കൾ അനാഥരാകുന്നു. ഇതിന്റെയെല്ലാം അടിസ്ഥാന കാരണം കൊറോണയെക്കാൾ ഭീകരമായ പാപമെന്ന മഹാമാരിയാണ്.

- കൊറോണ വൈറസ് വുഹാനിൽ നിന്നും ആരംഭിച്ച് മുഴുവൻ ലോകത്തെയും ബാധിച്ചു.
- പാപമെന്ന മഹാമാരി ഏദനിൽ നിന്നും ആരംഭിച്ച് മുഴുലോകത്തെയും ബാധിച്ചു. റോമർ 5:12
- കോവിഡ് 19 നമ്മുടെ ശരീരത്തിലെ കോശങ്ങളെ കാർന്നു തിന്നുന്നു
- പാപമെന്ന മഹാമാരി മനുഷ്യ ഹൃദയങ്ങളിൽ വ്യാപിച്ച് മാനവകുലത്തെ മുഴുവൻ നിത്യമായ മരണത്തിലേക്ക് തള്ളിവിടുന്നു. ആകയാൽ സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക സദൃശ. 4:23.
- സൂക്ഷ്മദർശിനിയുടെ സഹായം ഇല്ലാതെ കൊറോണ വൈറസിനെ കാണാൻ കഴിയില്ല.
- പാപമെന്ന മഹാമാരി അക്ഷരീകമായി കാണാൻ കഴിയില്ല.
- കോവിഡ് രോഗിയിൽ പനി, ഛർദ്ദി, ചുമ, തൊണ്ടവേദന, വിശപ്പില്ലായ്മ എന്നിവ കാണുന്നു.

പാപമെന്ന വൈറസ് മുഖാന്തരം സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും... റോമർ 1:29

ആഭിചാരം, ശത്രുത, കലഹം, അസൂയ, കൊലപാതകം.... തുടങ്ങിയവ പ്രത്യക്ഷപ്പെടുന്നു ഗലാ. 5:19, 20

- കൊറോണയ്ക്ക് ഫലപ്രദമായ മരുന്ന് ഭാവിയിൽ കണ്ടുപിടിക്കാൻ സാധ്യതയുണ്ട്.
- പാപമെന്ന മഹാവ്യാധിക്ക് മരുന്ന് നല്കാൻ മതങ്ങൾക്കോ, പ്രത്യയ ശാസ്ത്രങ്ങൾക്കോ, മെഡിക്കൽ സയൻസിനോ ശാസ്ത്രജ്ഞന്മാർക്കോ സാധ്യമല്ല.
- വാക്സിൻ എടുക്കണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നല്കുന്നു. ഇല്ലെങ്കിൽ അതിന്റെ പരിണതഫലം ഉണ്ടാകും. കോവിഡ് ലോകത്തിൽ ജീവിക്കുവാൻ പ്രതിരോധശക്തി ആവശ്യമാണ്; ആത്മീയ ലോകത്തിലും....
- പാപമെന്ന മഹാമാരിക്ക് ദൈവം ഒരുക്കിയ ഇത്ര വലിയ രക്ഷയെ (വാക്സിൻ) ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും (എബ്രാ. 2:4) അതിന്റെ ഫലം കെടാത്ത തീ ആയിരിക്കും.
- കൊറോണയെ ആരും കണ്ടിട്ടില്ല. എങ്കിലും ലോകത്ത് വ്യാപിച്ചു എന്ന് അനുഭവിച്ചറിഞ്ഞു.
- ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. യേശു ക്രിസ്തു ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നു (യോഹ. 1:18). യേശുക്രിസ്തുവിനെ സ്വീകരിച്ചാൽ ദൈവത്തെ അനുഭവിച്ചറിയാം. യേശു സത്യദൈവമാണ്, നിത്യജീവനാണ് (1 യോഹ. 5:20).

**ഭയങ്കരമായ -ഭയാനകമായ ഭാവി**

ബൈബിൾ ഒരു അപകട സൂചനാ ഗ്രന്ഥം ആണ്. ഇതിൽ പറയുന്ന ചില മുന്നറിയിപ്പുകൾ ചുവടെ ചേർക്കുന്നു.

ലോകാരംഭം മുതൽ ഇതുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം യിസ്രയേലിൽ വരാൻ പോകുന്നു (മത്തായി 24:21). അത് ലോകമെമ്പാടും വ്യാപിക്കുകയും മനുഷ്യൻ മരണം അന്വേഷിക്കുകയും മരിപ്പാൻ കൊതിക്കുകയും ചെയ്യും (വെളി. 9:6). മലകളോടും പാറകളോടും ഞങ്ങളുടെ മേൽ വീഴുവിൻ, ദൈവത്തിന്റെ കോപം തട്ടാതെ വണ്ണം ഞങ്ങളെ മറപ്പിൻ എന്നു പറയുന്ന കാലം വരും (വെളി. 6:16). ക്രിസ്തുവിലൂടെയുള്ള രക്ഷ കരസ്ഥമാക്കിയവർക്ക് രക്ഷപെടാം. ഏഴു വർഷത്തെ അതിഭയാനകമായ ലോക്ഡൗൺ (മഹാകഷ്ടകാലം) വരുമെന്ന് ബൈബിൾ പറയുന്നു. കോവിഡ് അതിലേക്കുള്ള -666 ലേക്കുള്ള വാതിൽ ആയിരിക്കുമോ? ലോകം മുഴുവൻ ഒരുവൻ ഭരിക്കും. ഒരു ഏകലോക ഗവണ്മെന്റ് ഇവിടെ നിലവിൽ വരും. ഇന്റർനെറ്റ് സംവിധാനം നിമിത്തം ലോകം വളരെ ചെറുതായി. കൊറോണ വൈറസ് ഇവയ്ക്കെല്ലാം വേഗത കൂട്ടി. വരുവാൻ പോകുന്ന ലോക്ഡൗൺ കാലത്തെക്കുറിച്ച് ബൈബിൾ വീണ്ടും പറയുന്നു "അപ്പോൾ ഞാൻ മഞ്ഞ നിറമുള്ളൊരു കുതിരയെ കണ്ടു, അതിൽ ഇരിക്കുന്നവന് മരണമെന്നു പേർ... അവർക്ക് വാളുകൊണ്ടും ക്ഷാമം കൊണ്ടും മഹാവ്യാധി കൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളയുവാൻ ഭൂമിയുടെ കാലംശത്തിന്മേൽ അധികാരം ലഭിച്ചു" (വെളി. 6:8).

അന്ന്, കഷ്ടങ്ങളും, വ്രണങ്ങളും, ബാധകളും വർദ്ധിക്കുകയും, ഘനമുള്ള കല്ലായി കന്മഴ ആകാശത്തു നിന്നും പെയ്യുകയും ചെയ്യും. മനുഷ്യൻ അത്യുഷ്ണത്താൽ വെന്തുപോകും... വെളി. 16:11,21... ആകയാൽ ഇവയുടെ മേൽ അധികാരമുള്ള ദൈവത്തിന് മഹത്ത്വം കൊടുപ്പാൻ ഈ കാലത്തു തന്നെ മാനസാന്തരപ്പെടുവിൻ.... വെളി. 16:9. ഏഴു വർഷത്തെ ഭീകരമായ ലോക്ഡൗൺ സമയത്ത് കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങും. മുൻകാലങ്ങളെക്കാൾ ഇപ്പോൾ വനത്തിൽ കാട്ടുമൃഗങ്ങൾ പെരുകി. റോഡിലൂടെ നടന്നുപോകുമ്പോൾ കരടി പതുങ്ങിയിരുന്ന് ചാടിപ്പിടിക്കുന്ന രംഗം ഭാവനയിൽ ഓർത്തു നോക്കുക. തിരുവചനം നിറവേറപ്പെടേണ്ടതിന് വനംവകുപ്പ് അവയെ സംരക്ഷിച്ച് വരുന്നു. മാത്രമല്ല, ലോകം വലിയ സാമ്പത്തിക തകർച്ചയിലേക്കും, ക്ഷാമത്തിലേക്കും നീങ്ങുമെന്നും സാമ്പത്തിക വിദഗ്ധർ പറയുന്നു. കൊറോണ വൈറസിന്റെ ഭീതിയെക്കാൾ അപ്പുറമായി തലച്ചോറിനെ ബാധിക്കുന്ന പുതിയ അജ്ഞാത രോഗത്തെക്കുറിച്ചും വാർത്ത വന്നു

കഴിഞ്ഞില്ലേ. "....... ഒരു ആണ്ടിൽ ഒരു വർത്തമാനവും പിറ്റേ ആണ്ടിൽ വേറൊരു വർത്തമാനവും കേൾക്കുമ്പോൾ..... യഹോവയുടെ ഉഗ്രകോപത്തിൽ നിന്ന് നിങ്ങൾ ഓരോരുത്തൻ താന്താന്റെ പ്രാണനെ രക്ഷിച്ചു കൊൾവീൻ" (യിരെ. 51:45, 46). "യഹോവയുടെ മഹാദിവസം അടുത്തിരിക്കുന്നു.... ആ ദിവസം ക്രോധദിവസം, കഷ്ടവും സങ്കടവുമുള്ള ദിവസം..... യഹോവയുടെ ക്രോധദിവസത്തിൽ അവരുടെ വെള്ളിക്കും പൊന്നിനും അവരെ രക്ഷിപ്പാൻ കഴിയുകയില്ല". സെഫ. 1:14-18. "ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു.... അതുകൊണ്ട് ഭൂമി ശാപഗ്രസ്തമായി അതിൽ പാർക്കുന്നവർ ശിക്ഷ അനുഭവിക്കുന്നു" യെശ. 24:5,6.

ക്ഷാമം കൊണ്ടും മഹാവ്യാധികൊണ്ടും എന്ന ബൈബിളിന്റെ പ്രയോഗം കുറിക്കൊള്ളേണ്ടതാണ്. വടിവെട്ടാൻ പോയിട്ടെ ഉള്ളൂ. ഇന്നത്തെ സംഭവങ്ങൾ വെറും സൂചനകൾ മാത്രമാണ്. ഭീകരമായത് വരാൻ പോകുന്നതേ ഉള്ളൂ. ശാസ്ത്രം അത് സമ്മതിക്കുന്നു. ഇവ സംഭവിക്കുന്നതിന് മുന്നമേ ക്രിസ്തുവിലുള്ള വിശ്വാസത്താൽ വീണ്ടെടുക്കപ്പെട്ടവർ, വീണ്ടും ജനിച്ചവർ ഇവിടെ നിന്നും മാറ്റപ്പെടും. യേശുക്രിസ്തുവിന്റെ വരവിനായ് താങ്കൾ ഒരുങ്ങിയിട്ടുണ്ടോ? പാപം എന്ന മഹാമാരിക്ക് നിങ്ങളോട് ഒരു ആകർഷണം ഉണ്ട്. കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകളുടെ മായച്ചന്തയാണ് ഈ ലോകം. സാത്താന്റെ പിടിയിൽ അമർന്ന്, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ജഡീക താത്പര്യങ്ങളുടെയും മനം മയക്കുന്ന നൃത്തശാലകളുടെയും നിശാക്ലബ്ബുകളുടെയും എന്നിങ്ങനെ പാപത്തിന്റെ ഉത്പന്നങ്ങൾ കൊണ്ട് താങ്കളെ ആകർഷിച്ച് ഘോര നർത്തകിയെപ്പോലെ നൃത്തം ചെയ്യിപ്പിച്ച് നിങ്ങളുടെ അന്തർമനുഷ്യനെ ഒരു പളുങ്ക്പാത്രം പോലെ തല്ലി തകർത്തുകൊണ്ടിരിക്കുന്ന പാപചിന്തയിൽ ജീവിതം നശിപ്പിച്ചു കളയരുതേ...

### ഭദ്രമായ-ഭാഗ്യകരമായ ഭാവി

സ്നേഹിതാ, നിങ്ങളുടെ നെഞ്ചിലേക്ക് കൈവെച്ചു നോക്കുക. ഹൃദയത്തിന്റെ ഓരോ ഇടിപ്പും ശവക്കോട്ടയിലേക്കുള്ള സ്പന്ദനങ്ങളാണ്. താങ്കളുടെ ഓരോ നിമിഷങ്ങളും കഴിയുമ്പോൾ നിങ്ങൾ ശവപ്പറമ്പിലേക്ക് അടുക്കുകയാണ്. നിങ്ങൾ മുറിക്കുള്ളിൽ കയറി അകത്തു നിന്നും വാതിലിന്റെ കുറ്റി ഇടുന്നു. നാളെ ഒരിക്കൽ താങ്കളുടെ അനുവാദം ചോദിക്കാതെ വെള്ളത്തുണിയിൽ പൊതിഞ്ഞ് പുറത്തു കൊണ്ടുവന്നിട്ട് മറ്റാരോ താങ്കളുടെ മുറി പൂട്ടുന്ന സമയം വരുമെന്ന് ഓർക്കണം. ക്രിസ്തുവിലായ ഒരുവന്റെ മരണദിവസം അവന്റെ കിരീടധാരണത്തിന്റെ ദിവസമാണ്. രക്ഷിക്കപ്പെടാത്ത ഒരുവന്റെ മരണദിവസം അവന്റെ അറസ്റ്റ് വാറണ്ടിന്റെ ദിവസമാണ്. താങ്കൾ ഇതിൽ ഏതു ഗ്രൂപ്പിൽപ്പെടും?

പ്രിയവായനക്കാരാ, പാപമെന്ന മഹാമാരിക്ക് പരിഹാരമെന്നവണ്ണം ദൈവം വാക്സിൻ ഒരുക്കിയിരിക്കുന്നു. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7). ഇന്നേക്ക് 2000 വർഷങ്ങൾക്കപ്പുറത്ത് ലോകത്തിന്റെ മധ്യഭാഗത്ത് ഒരു മധ്യാഹ്ന വെയിലിൽ ഇരു കള്ളന്മാരുടെ മദ്ധ്യേ ക്രിസ്തു മനുഷ്യന്റെ പാപത്തിന് പരിഹാരമായി ക്രൂശിക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നു.

### യേശുക്രിസ്തു പരേതനല്ല

നമ്മുടെ നാട്ടിൽ ചില സമയങ്ങളിൽ എക്സ്ചേഞ്ച് ഓഫർ വരും. പഴയ ഫ്രിഡ്ജ്, മിക്സി, സ്റ്റൗ മുതലായവ കൊണ്ടുവന്നിട്ട് പകരം പുതിയത് കൊണ്ടു പൊയ്ക്കൊള്ളാൻ പറയും. കാൽവറി ക്രൂശിൽ ഇതാ നിങ്ങൾക്കായി ഒരു പുതിയ എക്സ്ചേഞ്ച് ഓഫർ പ്രഖ്യാപിച്ചിരിക്കുന്നു.

- താങ്കളുടെ പാപഭാരം കൊണ്ടുവാ. യേശുക്രിസ്തു പാപമോചനം തരും.
- താങ്കളുടെ അരിഷ്ടതയും അസമാധാനവും കൊണ്ടുവാ... യേശു നിത്യമായ സമാധാനം തരും.
- പാപത്താൽ കളങ്കമായ ഹൃദയം കൊണ്ടുവാ യേശു പുതിയൊരു ഹൃദയം തരും.

- ശ്യൂന്യത കൊണ്ടുവാ യേശു സന്തോഷ സമാധാനത്താൽ അവയെ നിറച്ചു തരും.
- തകർന്ന ജീവിതം കൊണ്ടുവാ അതിനെ പണിതു തരും.
- താങ്കളുടെ രോഗം കൊണ്ടുവാ യേശു സൗഖ്യം തരും.

ക്രിസ്തു നാഥൻ പ്രഖ്യാപിച്ച ഈ വലിയ എക്സ്ചേഞ്ച് ഓഫറിലേക്ക് താങ്കളെ ക്ഷണിക്കുന്നു.

ഒരു നിമിഷം നിങ്ങൾ എവിടെയായിരുന്നാലും സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി പ്രാർത്ഥിക്കുക. "യേശുവേ, ഞാൻ പാപമെന്ന മഹാമാരിയാൽ ബാധിതനാണ്. പരിഹാരം അവിടുത്തെ പുണ്യാഹരക്തം മാത്രമാണെന്ന് വിശ്വസിക്കുന്നു. യേശുവിനെ എന്റെ രക്ഷിതാവും കർത്താവും യജമാനനുമായി സ്വീകരിക്കുന്നു. എന്നെ അവിടുത്തെ പൈതലാക്കി തീർക്കേണമെ". ഈ പ്രാർത്ഥന ഹൃദയത്തിന്റെ ആഴത്തിൽ നിന്നും ഉയരുന്ന നിമിഷം നിങ്ങൾ യേശുവിന്റെ സ്വന്തമായി കഴിഞ്ഞു.

ഈ കോവിഡ് കാലത്തും ഏതു കാലത്തും ഭാവിയെക്കുറിച്ചുള്ള ആശങ്കയിലും അനിശ്ചിതത്വത്തിലുമായി കഴിയുന്നവരേ മരണത്തിനപ്പുറമുള്ള ജീവിതം നല്കാൻ കഴിവുള്ള സത്യദൈവമായ യേശുക്രിസ്തുവിനെ സ്വീകരിക്കുവാൻ താങ്കൾക്ക് ഇടയാകുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ✪

---

**പേജ് 11 -ന്റെ തുടർച്ച (ഇതാ സഹോദരന്മാർ)**

കാണുന്നത്. അവർ കഴിവില്ലാത്തവരായോ അഹങ്കാരികളായോ നമ്മെ വിലയിരുത്തിയേക്കാം, എന്നാൽ ദൈവം കാണുന്നതും വിലയിരുത്തുന്നതും തികച്ചും വ്യത്യസ്തമായിട്ടായിരിക്കും.

അവൻ വന്നിട്ടല്ലാതെ നാം പന്തിക്കിരിക്കയില്ലെന്ന് ശമുവേൽ കർശനമായി പറയേണ്ട സാഹചര്യമുണ്ടായി! ദാവീദിനെ കൂട്ടിക്കൊണ്ടു വരാതെ, താൻ പന്തിക്കിരിക്കില്ലെന്നു ശമുവേൽ പറയത്തക്കവിധം ദാവീദ് തന്റെ സഹോദരന്മാരുടെ മധ്യേ മാനിക്കപ്പെട്ടു. അവഗണിക്കപ്പെട്ട അവൻ മാത്രം തിരഞ്ഞെടുക്കപ്പെട്ടു. അവനെ അവഗണിച്ചവരെല്ലാം തള്ളപ്പെട്ടു. യോസഫിന്റെ അനുഭവത്തിലും, തന്നെ വിറ്റുകളഞ്ഞ സഹോദരന്മാരെ ഒക്കെയും വീണ്ടെടുക്കത്തക്ക വണ്ണം ദൈവം അവനെ മാനിക്കയും ഉയർത്തുകയും ചെയ്തു. തങ്ങൾ ഉപേക്ഷിച്ചും വിറ്റും കളഞ്ഞ സഹോദരന്റെ അടുക്കൽ അഭയത്തിനായി എത്തിച്ചേരേണ്ട അവസ്ഥയും അവർക്കുണ്ടായി. ലേവി ഗോത്രത്തെക്കുറിച്ചും അവർ സഹോദരന്മാരോടു കൂടെ എണ്ണപ്പെടാത്തവരായും അവരോടുകൂടെ അവകാശം ലഭിക്കാത്തവരായും കാണുന്നുണ്ട്. യഹോവ താൻ തന്നെ അവകാശം ആയിരുന്നതിനാലാണ് അവർക്ക് സഹോദരന്മാരുടെ കൂടെ അവകാശം നല്കാതിരുന്നത്.

സഹോദരന്മാരോടുകൂടെ എണ്ണപ്പെടാത്തവരും സഹോദരന്മാരാൽ അവഗണിക്കപ്പെട്ടവരും തിരസ്ക്കരിക്കപ്പെട്ടവരുമൊക്കെ ദൈവത്താൽ അംഗീകരിക്കപ്പെട്ടവരും മാനിക്കപ്പെട്ടവരുമായിട്ടാണ് ഈ ഭാഗങ്ങളിലെല്ലാം കാണപ്പെടുന്നത്. സ്വർഗ്ഗീയ അംഗീകാരത്തിലേക്കും ആദരവിലേക്കുമുള്ള സഞ്ചാര പാത അവഗണനയുടെയും തള്ളപ്പെടലിന്റെയും നടുവിലൂടെ ഉള്ളതാണ്. കല്ലും മുള്ളും നിറഞ്ഞ വഴിയിലൂടെ നിന്ദയും പരിഹാസവും സഹിച്ച് മാന്യതയുടെ കൊടുമുടിയിലേക്കാണ് അവർ കയറിച്ചെന്നത്. ഭൗമിക നിന്ദകളും അവഗണനകളും സ്വർഗ്ഗീയ ആദരവിലേക്കുള്ള ചവിട്ടുപടികളാണെന്നറിഞ്ഞ് ധീരതയോടെ നേരിടാം. പരാതിയും പരിഭവങ്ങളും പ്രതിഷേധങ്ങളും കൂടാതെ സാഹചര്യങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാം. സംതൃപ്തിയോടെ ജീവിക്കാം. ദൈവം കൃപ നല്കട്ടെ. ✪

# Trusting God in the Valley

**Dr. Jane Anchan, Calgary, Canada**



"Look at the birds of the air, for they neither sow nor reap nor gather into barns; yet your heavenly Father feeds them. Are you not of more value than they?"

Matthew 6:26 (NKJV)

"And we know that all things work together for good to those who love God, to those who are the called according to His purpose."

Romans 8:28 (NKJV)

As I sat on the twin mattress of my friend's apartment, I wondered how long this season would last. It was April 2020, and we were in the middle of a global pandemic. Every day we set foot on the Internal Medicine wards we knew the fate that awaited most patients. At least half of them would pass away over the course of the next few days, while many others would struggle to breathe before requiring a ventilator. Detroit, where I was completing my residency training, was especially hard-hit during the start of the pandemic in the U.S. and there seemed to be no end in sight. We grew weary and mentally exhausted by the end of the first month. The previous months signaled the start of the rise in cases, but like most of the world, we did not believe it would hit us that hard. We were gravely wrong, and horribly ill-prepared! We started the battle with a shortage of PPE masks, gloves and even ventilators. Every day as we returned to the hospital wards, we could all sense the weight of the world on our shoulders as we struggled to help those infected, with the few tools we had. Many patients died alone in their rooms without family at the bedside. In many cases we tried frantically to use our own phones to setup video chats with patient's loved ones before they passed. There was a looming fog of death over the entire hospital.

Most of us returned to our empty apartments or were forced to stay in isolation from our families as we feared bringing the virus home to our loved ones as well. My friend Joyce had me stay in her roommate's empty bedroom as I was separated from my husband (Jeffrey). I feared bringing the virus home to my parents so I thought it would be wise to stay with my friend who was training at a neighboring hospital in Detroit. On March 21st when I tried to return back home to Jeffrey in Windsor, I was told to turn back as the US-Canadian border had been closed to non-essential travel. I asked the border patrol agent whether it was considered "essential" to see my husband, but she shrugged and reminded me that I had no status in Canada. We had submitted my

permanent residency application for Canada but now all public offices were closed. No status, no entry. We were living on my single medical resident income as my husband was unable to work, with his outpatient clinic in Windsor completely shut down due to the rise of COVID cases in the region.

I sat on the edge of my bed most mornings dreading returning to the hospital. I knew medicine came with a cost - sacrifices of time and money, lengthy training years, innumerable hours of service. My fellow trainees and I were forced to watch helplessly as people perished with little ability to change the outcome. We persevered each day hoping we could make some difference or at least provide comfort to those who would eventually succumb. As the number of cases rose and the hospital began to overflow with COVID-only patients, we eventually ran out of ventilators and Intensive Care Unit (ICU) beds. We eventually ran the general hospital wards like ICU services. Those over 65 years of age could not be provided with ventilators as the outcome and chance of weaning off the ventilator was low. Slowly our wards began to feel like hospice units.

I sat on my bed many nights and did not know what to pray. The list of requests became questions instead. “Lord, do you not see all these people dying?” “Lord, why won’t you send healing immediately?” “Lord, how long will we mourn the loss of lives and suffer loneliness and isolation?” The question being asked of me was: “Jane, do you trust God even in these difficult moments?” I struggled with this question for months. I had not experienced anything like this in my lifetime nor had anyone else among my friends, colleagues or mentors. The pandemic uprooted the confidence we may have had in our achievements, our self-sufficiency, and our sense of control - things we had taken for granted before. In many ways, I had held a false sense of security that things would follow a routine as I had planned in my mind. Truthfully, I was not as reliant on God as I had claimed to be. There were things that I wanted, goals I believed would be best for me or would bring me the most happiness. In reality, I was fixated on these plans, plans which needed to be re-examined and uprooted. Looking back, I cannot fathom how we got through those rough months. I cannot medically explain how we did not manage to catch COVID despite reusing PPE week after week and being surrounded by infected patients for at least 12 hours per day. I cannot rationalize how God opened a closed border just in the nick of time as I finished my last day of residency. I cannot calculate how we managed to pay our rent, tithe, and have enough to live off. I did not and could not plan for any of this - it was His providence. What felt like tribulation was actually the ideal environment to realize that we have a Savior who holds every little part of our future in His hands - the joyful parts and the painful ones. He is not only a Father that proves Himself in the heights of our lives, but also walks with us in the valleys. He is able to take the toil and pain we experience and create something beautiful in us. May we not lose our foundational dependence on Him through any season this life may bring. ✪

**ഈ ലക്കം Quest 85 –ലെ ചോദ്യങ്ങൾ ഉത്പത്തി 1 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നാണ്.**

1. അബീമേലെക്കിന്റെ സേനാപതി ആര്?
2. ബെൻ - അമ്മീയുടെ സന്തതികൾ ആര്?
3. അബ്രാഹാം ഹിത്യരോട് എന്താണ് അവകാശമായി ചോദിച്ചത്?
4. ആദ്യമായി മുന്തിരിത്തോട്ടം നട്ടുണ്ടാക്കിയത് ആര്?
5. എലേസ്യർ ഏത് ദേശക്കാരൻ ആയിരുന്നു?
6. ഹവീലദേശമൊക്കെയും ചുറ്റുന്ന നദി ഏത്?
7. ഹാരാൻ എവിടെവച്ചാണ് മരിച്ചത്?
8. സിദ്ദീം താഴ്വരയുടെ പുതിയ പേരെന്ത്?
9. കയീൻ യഹോവയുടെ സന്നിധിയിൽ നിന്ന് പുറപ്പെട്ട് ഏത് ദേശത്താണ് ചെന്ന് പാർത്തത്?
10. യഹോവയുടെ ദൂതൻ ഏത് നീരുറവയുടെ അരികിൽ വച്ചാണ് ഹാഗാറിന് പ്രത്യക്ഷപ്പെട്ടത്?
11. കർത്താവേ നീതിയുള്ള ജാതിയേയും നീ കൊല്ലുമോ? ആര് പറഞ്ഞു?
12. റിബേക്കയുടെ സ്വന്തദേശം ഏത്?
13. മമ്രേയുടെ തോപ്പിൽവച്ച് എത്ര പുരുഷന്മാരാണ് അബ്രാഹാമിന് പ്രത്യക്ഷരായത്?
14. ലോത്ത് ഏത് പട്ടണത്തിൽ കടന്നപ്പോഴാണ് സൂര്യൻ ഉദിച്ചത്?
15. അബ്രാഹാമിന്റെ ഭാര്യ സാറായി നിമിത്തം യഹോവ ദണ്ഡിപ്പിച്ചത് ആരെ?
16. യഹോവയുടെ മുമ്പാകെ നായാട്ടുവീരനായിരുന്നത് ആര്?
17. യഹോവയുടെ തോട്ടംപോലെ ആയിരുന്ന രണ്ടു സ്ഥലങ്ങൾ ഏതെല്ലാം?
18. മെഥൂശലഹിന്റെ ആയുഷ്ക്കാലം എത്ര?
19. ജലപ്രളയം ഉണ്ടായപ്പോൾ നോഹയ്ക്ക് എത് വയസ്സായിരുന്നു?
20. ലാബാന്റെ സഹോദരി ആര്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 85– ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2022 ഒക്ടോബർ 20 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**


**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം – 695 011, കേരളം**

## QUEST– 84 ന്റെ ശരി ഉത്തരങ്ങൾ

1. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിക്കാൻ (വെളി. 20:3)
2. സുഗന്ധി രത്നം (വെളി. 21:20)
3. യൂഫ്രാത്തേസ് (വെളി. 16:12)
4. അഗാധദൂതൻ (വെളി. 9:11)
5. കുഞ്ഞാടിനുള്ളതുപോലുള്ള രണ്ട് കൊമ്പുകൾ (വെളി. 13:11)
6. ജീവവൃക്ഷം (വെളി. 22:2)
7. വിശ്വസ്തനും, സത്യവാനും (വെളി. 19:11)
8. പന്ത്രണ്ട് (വെളി. 12:1)
9. മേഘത്തിന്മേൽ (വെളി. 14:14)
10. സ്വർഗ്ഗത്തിലെ ദൈവാലയം തുറന്നു, അവന്റെ നിയമപെട്ടകം അവന്റെ ആലയത്തിൽ പ്രത്യക്ഷമായി. മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി. (വെളി. 11:19).
11. മഹതിയാം ബാബിലോൺ (വെളി. 17:4)
12. സഹിഷ്ണുതയെക്കുറിച്ചുള്ള വചനം കാത്തുകൊണ്ടതിനാൽ (വെളി. 3:10)
13. ഇടിമുഴക്കവും, നാദവും, മിന്നലും, ഭൂകമ്പവും ഉണ്ടായി (വെളി. 8:5)
14. അകത്തും പുറത്തും എഴുത്തുള്ളതായി ഏഴുമുദ്രയാൽ മുദ്രയിട്ടൊരു പുസ്തകം (വെളി. 5:1)
15. അവന്റെ തേജസ്സിനാൽ (വെളി. 18:1)
16. ആറാമത്തെ മുദ്ര (വെളി. 6:13)
17. സൂര്യകാന്തത്തോടും, പത്മരാഗത്തോടും സദൃശ്യൻ ആയിരുന്നു (വെളി. 4:3)
18. മരണപര്യന്തം വിശ്വസ്തനായിരിക്കണം (വെളി. 2:10)
19. നൂറ്റിനാല്പത്തിനാലായിരം (വെളി. 7:4)
20. 7 സഭകളുടെ ദൂതന്മാർ (വെളി. 1:20)

# ‘വിശ്വാസത്തിന്റെ ബലിപീഠത്തിൽ’




സഹോദരി മേരി അഞ്ചൻ രചിച്ച ഈ ഗ്രന്ഥം വിശ്വാസ സമൂഹം, സഭയുടെ ആദ്യകാലം മുതൽ നേരിട്ട പീഡനങ്ങളുടെ ഒരു വിവരണമാണ്. 51 ചെറിയ അദ്ധ്യായങ്ങളിലായി സഭാ ചരിത്രത്തിൽ വിശ്വാസികൾ നേരിടേണ്ടി വന്ന പീഡനങ്ങളും അവർ അതിനെ നേരിട്ട വിധവും പ്രതിപാദിക്കുന്നു.

1974 –ലും 1978 –ലും അതിനു ശേഷം ഈ വർഷവും പുനഃപ്രസിദ്ധീകരിച്ച പ്രസ്തുത ഗ്രന്ഥത്തിലെ വിവരണങ്ങൾ ഇക്കാലത്തു ജീവിക്കുന്ന വിശ്വാസസമൂഹത്തിന് ഒരു വെല്ലുവിളിയും അതോടൊപ്പം യാഥാർത്ഥ്യങ്ങളെ നേരിടാനുള്ള ധൈര്യവും പകരുന്നു.

**ഈ പുസ്തകം ആവശ്യമുള്ളവർ താഴെക്കാണുന്ന ഏതെങ്കിലും വിലാസത്തിൽ ബന്ധപ്പെടുക. പുസ്തകത്തിന്റെ വില ഒരു കോപ്പി Rs. 150/-**

**The Director**
**Good News Ministries**
**Akkulam Road,**
**Trivandrum - 695 011**
**Tel: 9087144349**

**The Manager**
**Evangelical Literature Service**
**Kesavadasapuram**
**Trivandrum**


Published by George John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891